താമരമൊട്ടുകൾ

താമരശ്ശേരി രൂപതാ ബുള്ളറ്റിൻ



വാല്യം 28 നവംബർ 2026 ലക്കം 11 Price: 20

BISHOP'S PROGRAMME

November 2026

01		Puthuppadi		16.00	Thrissur
02	06.30	Kodenchery	15		Poyilomchal
	11.30	Thamarassery	16	10.00	Thenhipalam
	19.00	Thamarassery		18.00	Valook
03	06.30	Malaparambu	17	18.00	Payyanad
	19.00	Thamarassery		20.30	Kondotty
04	06.30	Kallanode	18	12.00	Thottumukkom
	18.00	Kundayithode		18.00	Vayalida
05	10.00	Thamarassery	19	18.00	Kakkavayal
	17.00	Kunnamangalam	20	09.30	PMOC
	18.00	Chevayur		17.00	Mavoor
06	18.00	Valillappuzha	21	16.00	Koorachundu
07	12.00	Thamarassery	22		Mankavu
7 - 8		Koodaranji		18.00	Kannoth
09	10.00	Paroppady	23 - 25		PMOC
	18.00	Thekkumkutty	26	10.00	Mananthavady
10	10.30	Thamarassery	26 - 27		Kannur
	18.00	Chamal	27	17.00	Mavoor
	19.30	Thamarassery	28	10.30	Kulathuvayal
11	18.00	P. T. Chacko Nagar		16.30	Pushpagiri
12	18.00	Muthappanpuzha	28 - 29		Kannoth
13	06.30	PMOC	29 - 30		Puthuppadi
	17.00	Thamarassery	30	14.00	Thrissur
14	10.00	Thamarassery			
	12.00	Kozhikode			

THAMARAMOTTUKAL
Registered with Registrar of Newspapers of India
RN No. 71212/99 - Date of Publication 31.10.2026

ജൂബിലി നിറവിൽ



ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ
26-12-2001




ഫാ. ഡൊമിനിക് മുട്ടത്തുകുടിയിൽ
27-12-2001



ഫാ. ജോർജ്ജ് വരിക്കശ്ശേരി
28-12-2001



ഫാ. തോമസ് കളരിക്കൽ
31-12-2001



ഫാ. സെബാസ്റ്റ്യൻ പുളിക്കൽ
01-01-2002



ഫാ. തോമസ് ചുവപ്പുങ്കൽ
01-01-2002



ഫാ. കുര്യാക്കോസ് മുകാല
05-01-2002

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor,
Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673573.
Printed at Alphonsa Offset Press, Near Cathedral Thamarassery, Published at Thamarassery,
Editor: Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 28, Issue 11, November 2026, Pages 48

November 2026
Volume: 28 - Issue: 11

Chief Editor
Chancellor
Diocese of Thamarassery
Thamarassery, Kozhikode - 673 573
Tel: 0495 - 2223376, 2963370
email: diocesetmy09@gmail.com
www.thamarassserydiocese.com

ഉള്ളടക്കം

1. ആശംസകൾ 750
2. പ്രോഗ്രാം 751
3. കച്ചേരിക്കാര്യം 752
4. പാവനസ്മരണയ്ക്ക് 756
5. വിശ്വാസപരിശീലനം 757
6. സെമിനാരി വാർത്തകൾ 761
7. ചെറുപുഷ്പ മിഷൻ ലീഗ് 762
8. സ്മാർട്ട് 764
9. ബൈബിൾ അപ്പസ്തോലേറ്റ് 766
10. കരുണാഭവൻ 768
11. CAMP 769
12. കെസിവൈഎം-എസ്എംവൈഎം 770
13. കരിസ്മാറ്റിക് മൂവ്മെന്റ് 772
14. ക്രിസ്റ്റീൻ മിനിസ്ട്രി 775
15. ബഥാനിയ ധ്യാനകേന്ദ്രം 776
16. മാതൃവേദി 779
17. മരിയൻ പ്രോലൈഫ് 780
18. എയ്ഡർ എഡ്യൂകെയർ 781
19. സ്റ്റാർട്ട് 782
20. ജീസസ് ഫ്രട്ടേണിറ്റി 783
21. ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് 784
22. ഇൻഫാം 786
23. വികസനവേദി 787
24. ലീഡർഷിപ്പ് ഡെവലപ്പ്മെന്റ് 790
25. TAFCOS 791
26. IFAE 792
27. തീർഥയാത്രകൾ 793
28. യേശുനിധി 794
29. അജപാലനകുറിപ്പുകൾ 795





Birthday Greetings

Rev. Fathers

Kalapurackal Thomas	4
Muringayil Sebastian	4
Thevadiyil Thomas	8
Vallikunnel James	8
Embrayil Sebastian (Sr.)	11
Veliyath Kurian	11
Panamattamparambil Sebastian	12
Poovathinkal Paul	12
Kiliyanparambil Joseph	13
Koramkottu Mathew	14
Puthenveettil Kuriakose	15
Pulimoottil Mathew (Sr.)	17
Kalariparambil John	20
Chundayil Joseph	20
Kavalakkattu Sebastian	21
Poriath Thomas	22
Kavil Rony Paul	28

Feast Day Greetings

Rev. Fathers

Mangarayil Scaria	5
Nedumala Zacharias	5
Ponganpara Cheriyan	5
Thundathil Scaria	5

Mar Remigiose Inchananiyil



പ്രോഗ്രാം

നവംബർ 2026

02	തിങ്കൾ	**സകല മരിച്ചവരുടെയും ഓർമ്മ**
06	വെള്ളി	ബഥാനിയ: ഏകദിന കൺവെൻഷൻ
		ജീവിത വിശുദ്ധീകരണ ധ്യാനം (6-9)
07	ശനി	എഫ്.എസ്.റ്റി
08	ഞായർ	മതാധ്യാപകദിനം
11	ബുധൻ	ചരമദിനം: ഫാ. ഫിലിപ്പ് കണക്കഞ്ചേരി (2004)
12	വ്യാഴം	പ്രീകാനാ കോഴ്സ് (12-14)
13	വെള്ളി	ബഥാനിയ: ഏകദിന കൺവെൻഷൻ
14	ശനി	പ്രതിഭാസംഗമം
20	വെള്ളി	ബഥാനിയ: ഏകദിന കൺവെൻഷൻ
21	ശനി	പരി. കന്യകാമറിയത്തിന്റെ സമർപ്പണം
		മാർ തോമാശ്ലീഹായുടെ ഭാരതപ്രവേശം
22	ഞായർ	**മിശിഹായുടെ രാജത്വത്തിരുന്നാൾ**
23	തിങ്കൾ	**ക്ലർജി സെമിനാർ** (23-25)
26	വ്യാഴം	വി. ജോൺ ബർക്കുമാൻസ്
		ചരമദിനം: ഫാ. അഗസ്റ്റിൻ പന്നിക്കോട്ട് (2011)
27	വെള്ളി	ബഥാനിയ: ഏകദിന കൺവെൻഷൻ
		ജീവിത വിശുദ്ധീകരണ ധ്യാനം (27-30)
28	ശനി	**വി. അന്ത്രയോസ് ശ്ലീഹാ**



1. ക്ലർജി സെമിനാർ

ഈ വർഷത്തെ ക്ലർജി സെമിനാർ പി.എം.ഒ.സി യിൽ 2026 നവംബർ 23-ാം തീയതി തിങ്കളാഴ്ച വൈകിട്ട് ആരംഭിച്ച് 25-ാം തീയതി ബുധനാഴ്ച സമാപിക്കുന്നതാണ്. സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ബഹു. ഡയറക്ടറച്ചന്മാർ പ്രവർത്തന റിപ്പോർട്ടും സാമ്പത്തിക റിപ്പോർട്ടും തയ്യാറാക്കേണ്ടതാണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. എല്ലാ വൈദികരും സെമിനാറിൽ മുഴുവൻ സമയവും പങ്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു. ഈ വർഷം പൗരോഹിത്യ രജതജൂബിലിയിൽ ആയിരിക്കുന്ന വൈദികരെ സെമിനാറിനോട് അനുബന്ധിച്ച് അനുമോദിക്കുന്നതാണ്.

2. രജത ജൂബിലി ആചരിക്കുന്ന വൈദികർ

ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ

ജനനം	:	16-03-1975 (ചീരട്ടാമല)
തിരുപ്പട്ടം	:	26-12-2001 (നരിവാലമുണ്ട)
ഇടവക	:	നരിവാലമുണ്ട (മാനന്തവാടി രൂപത)

സേവനങ്ങൾ:

അസിസ്റ്റന്റ് വികാരി	:	പാറോപ്പടി, ചേവായൂർ
ആക്റ്റിംങ് വികാരി	:	കോനൂർക്കണ്ടി, ഒതായി
വികാരി	:	തിരൂർ, പരപ്പനങ്ങാടി, കോട്ടക്കൽ, ഊരകം, മലപ്പുറം, കൊണ്ടോട്ടി
മറ്റുചുമതലകൾ	:	മാനേജർ-അൽഫോൻസ സ്കൂൾ ഊരകം, എപ്പാർക്കിയൽ കൺസൾട്ടർ

ഇപ്പോൾ കൂമുള്ളി ഇടവകയിൽ സേവനം അനുഷ്ഠിക്കുന്നു.

ഫാ. ഡൊമിനിക് മുട്ടത്തുകുടിയിൽ

ജനനം : 08-02-1974 (കോടഞ്ചേരി)
തിരുപ്പട്ടം : 27-12-2001 (കോടഞ്ചേരി)
ഇടവക : കോടഞ്ചേരി

സേവനങ്ങൾ:

അസിസ്റ്റന്റ് വികാരി : വിലങ്ങാട്, കല്ലാനോട്, മരിയാപുരം
ആക്റ്റിംങ് വികാരി : കൂമംകുളം, അടക്കാക്കുണ്ട്
വികാരി : അഭയഗിരി (വളയം), മുത്തപ്പൻപുഴ, പനംപ്ലാവ്, മുതുകാട്, തിരൂർ, തേക്കുംകുറ്റി, കാളികാവ്

ഇപ്പോൾ ചെമ്പനോട ഇടവകയിൽ സേവനം അനുഷ്ഠിക്കുന്നു.

ഫാ. ജോർജ് വരിക്കശ്ശേരി

ജനനം : 21-12-1972 (കല്ലാനോട്)
തിരുപ്പട്ടം : 28-12-2001 (കല്ലാനോട്)
ഇടവക : കല്ലാനോട്

സേവനങ്ങൾ:

അസിസ്റ്റന്റ് വികാരി : കുളത്തുവയൽ, മഞ്ഞുവയൽ, അശോകപുരം, ആനക്കാംപൊയിൽ
ആക്റ്റിംങ് വികാരി : വെണ്ടേക്കുംപൊയിൽ, നായാടംപൊയിൽ
വികാരി : പൂഴിത്തോട്, പൂതംപാറ, തിരൂർ, ചെമ്പുകടവ്, ചുണ്ടത്തുംപൊയിൽ, കുണ്ടുതോട്

ഇപ്പോൾ മരഞ്ചാട്ടി ഇടവകയിൽ സേവനം അനുഷ്ഠിക്കുന്നു.

ഫാ. തോമസ് കളരിക്കൽ

ജനനം : 19-02-1976 (പൂതംപാറ)
തിരുപ്പട്ടം : 31 -12-2001 (പൂതംപാറ)
ഇടവക : മരുതോങ്കര

സേവനങ്ങൾ:

അസിസ്റ്റന്റ് വികാരി	:	കക്കാടംപൊയിൽ, വേനപ്പാറ, കല്ലാനോട്, വിലങ്ങാട്
ആക്റ്റിംങ് വികാരി	:	പൊയിലോംചാൽ
വികാരി	:	പന്തല്ലൂർ, എൻ.ഐ.റ്റി. ക്യാംപസ്, മാങ്കാവ്, ഈസ്റ്റ് ഹിൽ, റെക്ടർ - കുളത്തുവയൽ
മറ്റുചുമതലകൾ	:	ഡയറക്ടർ-കെ.സി.വൈ.എം, കുടുംബക്കൂട്ടായ്മ, പോപ്പ് ബെനഡിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പ്രൊഫസർ, പ്രൊക്കുറേറ്റർ-ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി, കുന്നോത്ത്

ഇപ്പോൾ ഇംഗ്ലണ്ടിലെ ലങ്കാസ്റ്റർ രൂപതയിൽ സേവനമനുഷ്ഠിക്കുന്നു.

ഫാ. സെബാസ്റ്റ്യൻ പുളിക്കൽ

ജനനം	:	14-07-1975 (പശുക്കടവ്)
തിരുപ്പട്ടം	:	01-01-2002 (പശുക്കടവ്)
ഇടവക	:	പശുക്കടവ്

സേവനങ്ങൾ:

അസിസ്റ്റന്റ് വികാരി	:	തിരുവമ്പാടി, അശോകപുരം, ചേവായൂർ
വികാരി	:	മലപ്പുറം, മുതുകാട്, ചാപ്പൻതോട്ടം, പി.ടി. ചാക്കോ നഗർ, പുതുപ്പാടി, റെക്ടർ-കുളത്തുവയൽ
മറ്റുചുമതലകൾ	:	അസിസ്റ്റന്റ് ഡയറക്ടർ-ബഥാനിയ, ഡയറക്ടർ-ജീസസ് യൂത്ത് & ക്രിസ്റ്റീൻ, ഡയറക്ടർ-ബഥാനിയ

ഇപ്പോൾ കണ്ണോത്ത് ഇടവകയിൽ സേവനം അനുഷ്ഠിക്കുന്നു.

ഫാ. തോമസ് ചുവപ്പുങ്കൽ

ജനനം : 24-02-1971 (ചെമ്പനോട)
തിരുപ്പട്ടം : 01-01-2002 (പശുക്കടവ്)
ഇടവക : പയ്യനാട്

സേവനങ്ങൾ:

അസിസ്റ്റന്റ് വികാരി : കല്ലാനോട്, വിലങ്ങാട്, മരിയാപുരം, താമരശ്ശേരി
ആക്റ്റിംങ് വികാരി : ചീരട്ടാമല, പൂതംപാറ, മാലാപറമ്പ്, ബാലുശ്ശേരി
വികാരി : നൂറാംതോട്, പാത്തിപ്പാറ, കൊണ്ടോട്ടി, നെന്മേനി, മഞ്ഞുമല

ഫാ. കുര്യാക്കോസ് മുകാല

ജനനം : 20-01-1975 (കവീക്കുന്ന്)
തിരുപ്പട്ടം : 05-01-2002 (കവീക്കുന്ന്)
ഇടവക : കവീക്കുന്ന് (പാല രൂപത)

സേവനങ്ങൾ:

അസിസ്റ്റന്റ് വികാരി : മഞ്ഞുവയൽ, കോടഞ്ചേരി
ആക്റ്റിംങ് വികാരി : പൂവാറംതോട്
വികാരി : വികാരി, ഡോംബിവല്ലി-കല്ല്യാൺ ചെമ്പനോട, തേക്കുംകുറ്റി, ചമൽ, കൂമുള്ളി
മറ്റുചുമതലകൾ : മാനേജർ-അൽഫോൻസ കോളേജ് തിരുവമ്പാടി, മാനേജർ-അൽഫോൻസ സ്കൂൾ താമരശ്ശേരി, ഇന്റേണൽ ഓഡിറ്റർ, രൂപത പ്രൊക്കുറേറ്റർ

ഇപ്പോൾ പുല്ലുരാംപാറ ഇടവകയിൽ സേവനമനുഷ്ഠിക്കുന്നു.

3. ഫ്രാൻസിസ്കൻ ഇവ്

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ മഹത്തായ സന്ദേശം ഹൃദയങ്ങളിലേക്ക് പകരാനും വിശുദ്ധന്റെ ചൈതന്യത്തിൽ ജീവിക്കാനും, നമ്മുടെ രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സിസ്റ്റേഴ്സ് (എഫ്.സി.സി) എല്ലാ ഇടവകകളിലും വിശുദ്ധന്റെ

ജീവിത സന്ദേശം എത്തിക്കുന്നു. ധ്യാനചിന്തകളും ചലച്ചിത്രാവതരണവും ദിവ്യകാരുണ്യ ആരാധനയും സമാധാന ആശംസയും തിരുശേഷിപ്പ് വണക്കവും ഫ്രാൻസിസ്കൻ ഈവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4. സ്മരണാഞ്ജലി

3-11-2001 – മോൺ. തോമസ് മൂലക്കുന്നേൽ

10-11-2006 – റവ. ഫാ. തോമസ് നിലയ്ക്കപ്പള്ളി

11-11-2004 – റവ. ഫാ. ഫിലിപ്പ് കണക്കഞ്ചേരി

18-11-1982 – റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിയിൽ

26-11-2011 – റവ. ഫാ. അഗസ്റ്റിൻ പന്നിക്കോട്ട്

മോൺ. അബ്രഹാം വയലിൽ
പ്രോട്ടോസിഞ്ചെല്ലൂസ്



വിശ്വാസപരിശീലനം

അഭിവന്ദ്യ പിതാവിന് തിരുനാൾ ആശംസകൾ

താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നാമഹേതുക തിരുനാൾ ദിനത്തിൽ രൂപത മതബോധന സമിതി തിരുനാൾ ആശംസകൾ നേർന്നു.

ലഹരി വിരുദ്ധ ദിനം

ഒക്ടോബർ 5 ഞായറാഴ്ച താമരശ്ശേരി രൂപതയിലെ എല്ലാ ഇടവക കളിലും ലഹരി വിരുദ്ധ ദിനം ആചരിച്ചു. സൺഡേ സ്കൂളുകളിൽ ലഹരി വിരുദ്ധ ദിന പ്രതിജ്ഞ ചൊല്ലുകയും റാലിയും ബോധ വത്കരണ പരിപാടികളും സംഘടിപ്പിക്കുകയും ചെയ്തു.

Bible Journey -1000 ദിവസത്തെ ബൈബിൾ വായന

1000 ദിവസം കൊണ്ട് തീരുന്ന വചന വായനാ പദ്ധതിയുടെ ഭാഗമാ യുള്ള ദൈവവചനയാത്ര പുരോഗമിക്കുന്നു. സംഖ്യയുടെ പുസ്തകം ആറാം അധ്യായത്തിൽ നിന്നാരംഭിച്ച വചനയാത്ര സംഖ്യയുടെ പുസ്തകം 36-ാം അധ്യായത്തിൽ എത്തി നിൽക്കുന്നു. ധാരാളം വിശ്വാസ പരിശീലകരും മാതാപിതാക്കളും കുട്ടികളും വചനവായന യിൽ പങ്കെടുക്കുന്നുണ്ട്.

ഒക്ടോബർ മാസത്തിലെ 'പവർ സെല്ലുകൾ'

പവർ സെൽ-10 അടക്കാക്കുണ്ട്: ഒക്ടോബർ 27-ാം തിയതി ചൊവ്വാഴ്ച അടക്കാക്കുണ്ടിൽ നടന്ന പവർ സെല്ലിൽ കരുവാരകുണ്ട് മേഖലയിലെ എല്ലാ ഇടവകയിലെയും അധ്യാപകർ പങ്കെടുത്തു. അഭിവന്ദ്യ പിതാവ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

പവർ സെൽ-11 അമലാപുരി: ഒക്ടോബർ 28 ബുധനാഴ്ച അമലാപു രിയിൽ നടന്ന പവർ സെൽ പ്രോഗ്രാമിൽ അമലാപുരി, ഈസ്റ്റ് ഹിൽ, അശോകപുരം, പാറോപ്പടി, മാങ്കാവ് എന്നീ ഇടവകകളിൽ നിന്നും

എല്ലാ മതാധ്യാപകരും പങ്കെടുത്തു. അഭിവന്ദ്യ പിതാവ് സഭയുടെ സുറിയാനി പാരമ്പര്യങ്ങളെകുറിച്ച് അധ്യാപകർക്ക് ക്ലാസ്സ് എടുത്തു.

പവർ സെൽ-12 കക്കാടംപൊയിൽ: ഒക്ടോബർ 29 വ്യാഴാഴ്ച കക്കാടം പൊയിൽ നടന്ന പവർ സെൽ പ്രോഗ്രാമിൽ കക്കാടംപൊയിൽ, വെണ്ടേക്കുംപൊയിൽ, പീടികപ്പാറ, കോനൂർക്കണ്ടി, പുഷ്പഗിരി എന്നീ ഇടവകകളിൽ നിന്നും എല്ലാ മതാധ്യാപകരും പങ്കെടുത്തു. പിതാവ് സഭയുടെ സുറിയാനി പാരമ്പര്യങ്ങളെകുറിച്ച് അധ്യാപകർക്ക് ക്ലാസ്സ് എടുത്തു. പ്രോഗ്രാം എല്ലാവർക്കും അനുഗ്രഹപ്രദമായിരുന്നു. ദിവ്യകാരുണ്യ ആരാധനയോടെ പ്രോഗ്രാം സമാപിച്ചു.

പവർ സെൽ-13 വാലില്ലാപ്പുഴ: ഒക്ടോബർ 31 ശനിയാഴ്ച വാലില്ലാ പ്പുഴ ഇടവകയിൽ നടന്ന പവർ സെൽ പ്രോഗ്രാമിൽ ചുണ്ടത്തുംപൊ യിൽ, തോട്ടുമുക്കം, പനംപ്ലാവ്, മരംചാട്ടി, വാലില്ലാപ്പുഴ, വെറ്റിലപ്പാറ എന്നീ ഇടവകകളിൽ നിന്നും എല്ലാ മതാധ്യാപകരും പങ്കെടുത്തു. അഭിവന്ദ്യ പിതാവ് സഭയുടെ സുറിയാനി പാരമ്പര്യങ്ങളെ കുറിച്ച് ക്ലാസ് നൽകി അധ്യപകരെ പ്രബുദ്ധരാക്കി.

ലൂമിന: മുക്കം, ചേവായൂർ, മരുതോങ്കര

ഒക്ടോബർ 2 വെള്ളിയാഴ്ച തിരുവമ്പാടി മേഖലയുടെ മൂന്നാമത്തെ ലൂമിന പ്രോഗ്രാം മുക്കം ദൈവാലയത്തിൽ നടന്നു. കല്ലുരുട്ടി, വേനപ്പാറ, വിളക്കാംതോട്, തേക്കുംകുറ്റി, മുക്കം എന്നീ ഇടവകക ളിൽ നിന്ന് 53 യുവജനങ്ങൾ പങ്കെടുത്തു.

ഒക്ടോബർ 5ന് പാറോപ്പടി മേഖലയുടെ രണ്ടാമത്തെ ലൂമിന പ്രോഗ്രാം ചേവായൂർ ഇടവകയിൽ നടന്നു. 170 ഓളം യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാം ദൈവാനുഗ്രഹം നിറഞ്ഞതായിരുന്നു.

ഒക്ടോബർ 20 ചൊവ്വാഴ്ച മരുതോങ്കര മേഖലയുടെ ആദ്യത്തെ ലൂമിന പ്രോഗ്രാം മരുതോങ്കര ദൈവാലയത്തിൽ നടന്നു. 95 യുവജനങ്ങൾ പങ്കെടുത്തു.

അർധവാർഷിക പരീക്ഷ

2026 -27 വിശ്വാസപരിശീലനവർഷത്തെ അർധവാർഷിക പരീക്ഷ യുടെ ചോദ്യപേപ്പറുകൾ ഒക്ടോബർ 17 ന് മേഖല കമ്മിറ്റിക്കു നൽകി.

ASPCT പരീക്ഷാ ചോദ്യാവലി

വിശ്വാസ പരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി നടത്തുന്ന ASPCT പരീക്ഷയുടെ മാതൃക ചോദ്യാവലി അധ്യാപകർക്ക് നൽകി. 'സീറോ മലബാർ സമുദായ ശക്തീകരണ വർഷം-2026' കൈപ്പുസ്തകമാണ് പഠന വിഷയമായി തിരഞ്ഞെടുത്തിരിക്കുന്നത്.

'ക്രിസ്തീയ വിജ്ഞാനമുത്തുകൾ' പരിഷ്കരിച്ച പതിപ്പ്

'ക്രിസ്തീയ വിജ്ഞാനമുത്തുകൾ' പരിഷ്കരിച്ച പതിപ്പ് തിരുത്തലോടും കൂട്ടിചേർക്കലോടും കൂടി പുതിയതായി പുറത്തിറക്കി. പരിഷ്കരിച്ച പതിപ്പിന്റെ വില Rs. 60.

മേഖല പ്രതിഭാസംഗമങ്ങൾ

നവംബർ 14 ന് നടക്കുന്ന രൂപത പ്രതിഭാസംഗമത്തിന് ഒരുക്കമായി വിവിധ മേഖലകളിൽ മേഖല പ്രതിഭാസംഗമങ്ങൾ നടന്നു. ഓരോ മേഖലയിൽ നിന്നും 3 ആൺകുട്ടികളെയും 3 പെൺകുട്ടികളെയും സംഗമത്തിലൂടെ തിരഞ്ഞെടുത്ത് രൂപതയിലേക്ക് അയച്ചു.

ACC 13,14,15 Online Class

ACC 13 : "യേശു ഏക രക്ഷകൻ" എന്ന വിഷയത്തെ കുറിച്ച് ഫാ. മാത്യു തൂമുള്ളിൽ, "ക്രിസ്തീയത നേരിടുന്ന വെല്ലുവിളികൾ" എന്ന വിഷയത്തെ കുറിച്ച് ഫാ. പീറ്റർ പൂതർമണ്ണിൽ എന്നിവർ ക്ലാസ്സ് നയിച്ചു.

ACC 14 : "ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിധ്യം ഇന്ന് (രണ്ടാം ഭാഗം)" എന്ന വിഷയത്തെ കുറിച്ച് ഫാ. ചെറിയാൻ പൊങ്ങൻപാറയും "ജീവന്റെ മൂല്യം - അഞ്ചാം പ്രമാണം " എന്ന വിഷയത്തെ കുറിച്ച് സോണിമോൻ സേവ്യറും ക്ലാസ്സ് എടുത്തു.

ACC 15 : "മനസാക്ഷി : വ്യക്തിനിഷ്ടമായ ധാർമിക ഉറവിടം", "നീതിയും ന്യായവും"എന്ന വിഷയങ്ങളെ കുറിച്ച് ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു. ''വിവാഹമെന്ന കൂദാശ'' എന്ന വിഷയത്തെ കുറിച്ച് ഫാ. ജോസ് പെണ്ണാപറമ്പിൽ ക്ലാസ്സ് നയിച്ചു.


Media Catechesis

ACC 13,14,15 ഓൺലൈൻ ക്ലാസ്സ്, ലൂമിന, *പവർ സെൽ* വീഡിയോകൾ, കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

NOVEMBER 2026

1-11-26 ഞായർ	ലൂമിന 17 : പെരിന്തൽമണ്ണ മേഖല @ പെരിന്തൽമണ്ണ (പെരിന്തൽമണ്ണ, താഴേക്കോട്, വെട്ടത്തൂർ, നെന്മേനി, ഒറവുംപുറം, പൊന്ന്യാംകുറിശ്ശി)
3-11-26 ചൊവ്വ	*പവർ സെൽ-14* കുണ്ടായിത്തോട്
5-11-26 വ്യാഴം	*പവർ സെൽ-15* ചേവായൂർ
8-11-26 ഞായർ	മതാധ്യാപക ദിനം (ഇടവകകളിൽ മതാധ്യാപകരെ ആദരിക്കുന്നു) ACC 13, 14, 15 Online Class - 11 ലൂമിന 18 : മരുതോങ്കര മേഖല @ ചെമ്പനോട (ചെമ്പനോട, കുണ്ടുതോട്, പടത്തുകടവ്, പശുക്കടവ്, പൂഴിത്തോട്)
9-11-26 തിങ്കൾ	*പവർ സെൽ-16* തേക്കുംകുറ്റി
10-11-26 ചൊവ്വ	*പവർ സെൽ-17* ചമൽ
11-11-26 ബുധൻ	*പവർ സെൽ-18* പി.റ്റി. ചാക്കോ നഗർ
12-11-26 വ്യാഴം	*പവർ സെൽ-19* മുത്തപ്പൻപുഴ
14-11-26 ശനി	പ്രതിഭാസംഗമം (Bishop's House Auditorium)
15-11-26 ഞായർ	ലൂമിന 19 : താമരശ്ശേരി മേഖല @ പുതുപ്പാടി (മൈലള്ളാംപാറ, ചിപ്പിലിത്തോട്, പുതുപ്പാടി, വള്ളിയാട്, നൂറാംതോട്, കാക്കവയൽ, ഈങ്ങാപ്പുഴ)
16-11-26 തിങ്കൾ	*പവർ സെൽ-20* വാളൂക്ക്
17-11-26 ചൊവ്വ	*പവർ സെൽ-21* പയ്യനാട്
18-11-26 ബുധൻ	*പവർ സെൽ-22* വയലട
19-11-26 വ്യാഴം	*പവർ സെൽ-23* കാക്കവയൽ
22-11-26 ഞായർ	ACC 13, 14, 15 Online Class -12
29-11-26 ഞായർ	ലൂമിന 20 : തോട്ടുമുക്കം മേഖല - 2 @ തോട്ടുമുക്കം (ചുണ്ടത്തുംപൊയിൽ, തോട്ടുമുക്കം, പനംപ്ലാവ്, വാലില്ലാപ്പുഴ, വെറ്റിലപ്പാറ)

ഫാ. ജോൺ പള്ളിക്കാവയലിൽ
ഡയറക്ടർ, വിശ്വാസപരിശീലനം



സെമിനാരി വാർത്തകൾ

ഹോം ഡേ

ഹോം ഡേയോട് അനുബന്ധിച്ച് വൈദിക വിദ്യാർഥികളുടെ കലാ കായിക മേളകൾക്ക് ഒക്ടോബർ മൂന്നാം തീയതി തുടക്കമായി. ഉദ്ഘാടന വേളയിൽ റെക്ടർ ഫാ. കുര്യൻ താന്നിക്കൽ സന്ദേശം നൽകി. ഡിസ്പ്ലേയും പരേഡും നടന്നു.

സെമിനാരിയുടെ ആത്മീയ പിതാവായ ബഹു. ജോൺസൺ കൊച്ചീലാത്ത് അച്ചന്റെ നാമഹേതുക തിരുനാൾ ദിനമായ ഒമ്പതാം തീയതി വൈദിക വിദ്യാർഥികളോടൊപ്പം ദിവ്യബലി അർപ്പിച്ച് പ്രാർഥിക്കുകയും സന്തോഷം പങ്കിടുകയും ചെയ്തു.

ആഗോളസഭയുടെയും സീറോ മലബാർ സഭയുടെയും പ്രേഷിത മാസാഘോഷത്തോടൊനുബന്ധിച്ച് ഒക്ടോബർ 18 ന് സെമിനാരിയിൽ മിഷൻ ഞായർ ആചരിച്ചു. അന്നേദിനത്തിൽ സെമിനാരിയിൽ വിവിധങ്ങളായ ഗെയ്മുകൾ സംഘടിപ്പിക്കുകയും വിദ്യാർഥികളോടൊപ്പം അധ്യാപകരും ബഹു. സിസ്റ്റേഴ്സും ബഹു. വൈദികരും പങ്കുചേർന്നു. വിവിധങ്ങളായ ഗെയിമുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും സമാഹരിച്ച സംഭാവനകൾ മിഷൻ പ്രവർത്തനങ്ങൾ ചെയ്യുന്നവർക്കായി നൽകുന്നു. ഒക്ടോബർ 24 ന് തീയതി നടന്ന മിഷൻലേലം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. നേതൃത്വം നൽകിയ ബ്രദേഴ്സിനെയും വൈസ് റെക്ടർ ഫാ. കുര്യാക്കോസ് പാലക്കീലിനെയും നന്ദിയോടെ സ്മരിക്കുന്നു.

ജപമാല സമർപ്പണം

ജപമാല മാസത്തോടനുബന്ധിച്ച് ആഘോഷമായ ജപമാലയും ദിവ്യകാരുണ്യ ആരാധന നടത്തുകയും പരി. അമ്മയുടെ മാധ്യസ്ഥം തേടുകയും ചെയ്തു.

ഫാ. കുര്യൻ താന്നിക്കൽ
റെക്ടർ, സെന്റ് അൽഫോൻസ മൈനർ സെമിനാരി

ചെറുപുഷ്പ മിഷൻ ലീഗ്

സംസ്ഥാന സമിതി സന്ദർശനം

2025-26 പ്രവർത്തന വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഒക്ടോബർ 3ന് സംസ്ഥാന സമിതി അംഗങ്ങൾ താമരശ്ശേരി രൂപത സിഎംഎൽ ഓഫീസ്, പെരിന്തൽമണ്ണ, തിരുവമ്പാടി മേഖലകളും, കട്ടിപ്പാറ, കല്ലാനോട്, തിരുവമ്പാടി ശാഖകളിലും സന്ദർശനം നടത്തി.

ചെറുപുഷ്പ മിഷൻലീഗ് 80-ാം ജന്മദിനാഘോഷം

ചെറുപുഷ്പ മിഷൻ ലീഗിന്റെ 80-ാം ജന്മദിനത്തിന്റെ സംസ്ഥാനതല ആഘോഷം, താമരശ്ശേരി രൂപതയുടെ ആതിഥേയത്വത്തിൽ ഒക്ടോബർ 4 ഞായറാഴ്ച മരിയാപുരം ശാഖയിൽ നടത്തപ്പെട്ടു. അന്തർദേശീയ തലം മുതൽ ശാഖാ തലം വരെയുള്ള ഭാരവാഹികൾ പങ്കെടുത്തു. വിശുദ്ധ കുർബാനയ്ക്കുശേഷം പതാക ഉയർത്തുകയും വർണാഭമായ പ്രേഷിത റാലി നടത്തുകയും ചെയ്തു. തുടർന്ന് സംസ്ഥാന പ്രസിഡന്റ് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കലിന്റെ അധ്യക്ഷതയിൽ പൊതുസമ്മേളനവും മരിയാപുരം ശാഖയിലെ കുഞ്ഞുമിഷനറിമാരുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു.

കൂപ്പൺ നറുക്കെടുപ്പ്

ഒക്ടോബർ 12 ന് ജീവകാരുണ്യ പ്രവർത്തന ഫണ്ട് രൂപീകരണ കൂപ്പൺ നറുക്കെടുപ്പ് നടത്തുകയും വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തു.

ഒന്നാം സമ്മാനം : എൽസി പെരുമണ്ണിൽ, ചുണ്ടത്തുംപൊയിൽ
രണ്ടാം സമ്മാനം : ഷാജി മുതുകാട്
മൂന്നാം സമ്മാനം : ഡിൽന വിൽസൺ പുല്ലൂരാംപാറ

12 മേഖലകൾക്കായി 24 പ്രോത്സാഹന സമ്മാനങ്ങളും നൽകി.

2025-26 പ്രവർത്തന വർഷത്തെ മികച്ച മേഖലകളും ശാഖകളും

2025-26 പ്രവർത്തന വർഷത്തെ മികച്ച പ്രവർത്തനങ്ങൾക്കുള്ള

വിവിധപുരസ്കാരങ്ങൾ വിവിധ മേഖലകൾക്കും ശാഖകൾക്കും ലഭിച്ചു. കട്ടിപ്പാറ ശാഖയും പെരിന്തൽമണ്ണ മേഖലയും ഗോൾഡൻ സ്റ്റാർ പുരസ്കാരവും തിരുവമ്പാടി ശാഖയും മേഖലയും സിൽവർ സ്റ്റാർ പുരസ്കാരവും കല്ലാനോട് ശാഖയും തോട്ടുമുക്കം മേഖലയും മിഷൻസ്റ്റാർ പുരസ്കാരവും കരസ്ഥമാക്കി. വിജയികൾക്കുള്ള ട്രോഫികളും വിതരണം ചെയ്തു.

എ പ്ലസ് നേടിയ ശാഖകൾ

പുതുപ്പാടി, ഈങ്ങാപ്പുഴ, കുപ്പായക്കോട്, ചക്കിട്ടപാറ വലിയ കൊല്ലി, കോടഞ്ചേരി.

പ്രേഷിതം 2K26 രൂപത കലോത്സവം

ചെറുപുഷ്പ മിഷൻ ലീഗ് രൂപത കലോത്സവം പ്രേഷിതം 2K26 ഒക്ടോബർ 20ന് തിരുവമ്പാടി അൽഫോൻസ കോളേജിൽ നടന്നു. തിരുവമ്പാടി മേഖല ഒന്നാം സ്ഥാനവും, കോടഞ്ചേരി, കൂരാച്ചുണ്ട് മേഖലകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളും കരസ്ഥമാക്കി. ശാഖതലത്തിൽ മരിയാപുരം, പെരിന്തൽമണ്ണ, ചക്കിട്ടപ്പാറ ശാഖകൾ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടി. വിജയികൾക്ക് ട്രോഫി നൽകുകയും വിവിധ മത്സരങ്ങളുടെ സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. 2025-2026 പ്രവർത്തന വർഷത്തെ മികച്ച ശാഖകൾക്കും മേഖലകൾക്കും ട്രോഫി നൽകുകയും ചെയ്തു.

നന്ദിയോടെ ബഥാനിയ തിരുസന്നിധിയിൽ

ഒക്ടോബർ മാസത്തിൽ ബഥാനിയായിൽ നടക്കുന്ന അഖണ്ഡ ജപമാലസമർപ്പണത്തിൽ ഒക്ടോബർ 21 ന് രൂപത ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ വിവിധ ശാഖകളിലെ മിഷൻ ലീഗ് അംഗങ്ങൾ പങ്കെടുത്ത് രൂപതയ്ക്കു വേണ്ടിയും മിഷൻ പ്രദേശങ്ങൾക്ക് വേണ്ടിയും പ്രാർഥിച്ചു.

മിഷൻ മാസാചരണം

ഒക്ടോബർ മാസം വിവിധ പ്രവർത്തനങ്ങളോടെ മിഷൻ മാസാചരണം നടത്തുകയും പരിശുദ്ധ അമ്മയോട് ചേർന്ന് മിഷൻ പ്രവർത്തനങ്ങൾ ക്കായി പ്രാർഥിക്കുകയും ചെയ്തു.

ഒക്ടോബർ ആദ്യ ആഴ്ചയിൽ ഓരോ ശാഖയിലെയും വികാരിയച്ചൻ

വെഞ്ചിരിച്ചു നൽകിയ ജപമാലകൾ ശാഖയിലെ എല്ലാ കുഞ്ഞു മിഷനറിമാരിലൂടെയും കൈമാറി രൂപതയ്ക്ക് വേണ്ടിയും മിഷൻ പ്രവർത്തനങ്ങൾക്ക് വേണ്ടിയും തങ്ങൾക്ക് ലഭിച്ച മിഷൻ ഗ്രാമത്തിന് വേണ്ടിയും ജപമാല ചൊല്ലി പ്രാർഥിച്ചു. ജപമാല നിർമാണമത്സരം, മിഷൻ ഞായർ ആചരണം, പഞ്ചാബ് മിഷൻ പരിജയപ്പെടുത്തൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങളും നടത്തി.

സീറോ മലബാർ സഭ മിഷൻ മാസാചരണത്തിന്റെ ഭാഗമായി രൂപത സമിതി അംഗങ്ങൾ ഒരു മിഷൻ പ്രദേശം സന്ദർശിക്കാനും തീരുമാനിച്ചിരിക്കുന്നു.

മദ്ബഹാ ശുശ്രൂഷ സംഘം (SMART)

ദിവ്യനാദം, തിരിനാളം

സ്മാർട്ട് അംഗങ്ങളുടെ ആത്മീയ വളർച്ച ലക്ഷ്യമാക്കി ഒക്ടോബർ മാസത്തെ കർമ്മപദ്ധതിയായ 'ദിവ്യനാദം' അംഗങ്ങളിലേക്ക് എത്തിച്ചു. വിശ്വാസജീവിതത്തിന് വെളിച്ചമേകുന്ന തിരുവചനം, പ്രാർഥനാനിയോഗം, സുകൃതജപം എന്നിവ ഉൾക്കൊള്ളുന്ന 'തിരിനാളം' വഴിയും അംഗങ്ങൾക്ക് ആത്മീയ ഉണർവും വളർച്ചയും പകരാൻ സാധിച്ചു. മാസത്തിൽ രണ്ടുതവണ നൽകുന്ന തിരിനാളത്തിലൂടെ വചനചിന്തയിലും പ്രാർഥനയിലും സുകൃതജീവിതത്തിലും കൂടുതൽ സജീവമാകാനുള്ള അവസരവും ഒരുക്കി.

Drawing & Creative Art Competition

'കുരിശ് എന്റെ കണ്ണുകളിലൂടെ' എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി സംഘടിപ്പിച്ച Drawing & Creative Art Competition - ൽ കുട്ടികളുടെ സർഗാത്മക കഴിവുകളും കുരിശിനോടുള്ള വിശ്വാസവും പ്രകടിപ്പിക്കാൻ സാധിച്ചു. മത്സരത്തിൽ പങ്കെടുത്ത എല്ലാ കുട്ടികളെയും അഭിനന്ദിക്കുകയും വിജയികൾക്ക് ഹൃദയം നിറഞ്ഞ ആശംസകൾ നേരുകയും ചെയ്യുന്നു.

വിജയികൾ

First Prize: Dhilna Treesa Jils, Maranchatty Parish
Second Prize: Delna Elizabeth Jils, Maranchatty Parish
Third Prize: Janvi Krista Mariya, Balussery Parish

ആത്മീയ സന്ദേശങ്ങൾ

ഒക്ടോബർ 2 ന് കാവൽമാലാഖമാരുടെ തിരുനാളിനോടനുബന്ധിച്ച് ആത്മീയ സന്ദേശം ഉൾക്കൊള്ളുന്ന സ്റ്റാറ്റസ് വീഡിയോ അംഗങ്ങളിലേക്ക് പങ്കുവെച്ചു. കാവൽമാലാഖമാരുടെ സംരക്ഷണവും ദൈവിക സാന്നിധ്യവും ഓർമപ്പെടുത്തുന്നതിനും അംഗങ്ങളിൽ ആത്മീയ ചിന്തകൾ വളർത്തുന്നതിനും ഈ പ്രവർത്തനം സഹായകമായി.

ഇടവകയോടൊപ്പം

ആനിക്കാംപൊയിൽ ഇടവകയിൽ, അൾത്താര ശുശ്രൂഷയിലേക്ക് പുതുതായി കടന്നുവന്ന സ്മാർട്ട് അംഗങ്ങൾക്കായി സ്വീകരണവും നവീകരണച്ചടങ്ങും സംഘടിപ്പിച്ചു. വിശുദ്ധ കുർബാനയോടും അൾത്താര ശുശ്രൂഷയോടുമുള്ള സ്നേഹവും പ്രതിബദ്ധതയും ഉത്തരവാദിത്വബോധവും വളർത്തുന്നതിനും പുതിയ അംഗങ്ങളെ ശുശ്രൂഷാകൂട്ടായ്മയുടെ ഭാഗമാക്കി ചേർത്തുനിർത്തുന്നതിനും ഈ പ്രവർത്തനത്തിലൂടെ സാധിച്ചു.

കൂടരഞ്ഞി ഇടവക സന്ദർശനം

കൂടരഞ്ഞി ഇടവക സന്ദർശിച്ച് അവിടുത്തെ അൾത്താര ബാലന്മാരുമായി സൗഹൃദം പങ്കുവെക്കുകയും അവരുടെ ശുശ്രൂഷാജീവിതത്തെ അടുത്തറിയുകയും ചെയ്തു. ഇടവകകളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും അൾത്താര ബാലന്മാരുടെ കൂട്ടായ്മയും ആത്മീയ വളർച്ചയും പ്രോത്സാഹിപ്പിക്കുന്നതിനും ഈ സന്ദർശനം സഹായകമായി.

അറിയിപ്പ്

അൾത്താര ശുശ്രൂഷകർക്കായി രൂപതയിൽ പുതുതായി നിർദേശിച്ചിരിക്കുന്ന തിരുവസ്ത്രങ്ങൾ താമരശ്ശേരി എസ്.എ.ബി.എസ് തയ്യൽ കേന്ദ്രത്തിൽ ലഭ്യമാണ്.

ഫാ. ജോർജ് കരിന്തോളിൽ
ഡയറക്ടർ, ചെറുപുഷ്പ മിഷൻ ലീഗ്, സ്മാർട്ട്

ബൈബിൾ അപ്പസ്തോലേറ്റ്

ലോഗോസ് ക്വിസ് 2026

കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ലോഗോസ് ക്വിസിന്റെ ആദ്യഘട്ട മത്സരം 2026 സെപ്റ്റംബർ 27, ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 3.30 വരെ നടന്നു. താമരശ്ശേരി രൂപതയിലെ 123 സെന്ററുകളിൽ നിന്നുമായി 14,326 പേർ പ്രസ്തുത മത്സരത്തിൽ പങ്കെടുത്തു. 2026 ഒക്ടോബർ 10 ന് പരീക്ഷാഫലം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണത്തിനുശേഷം ഒക്ടോബർ 17 ന് അന്തിമമായ മാർക്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും രൂപതാതല വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തു. സംസ്ഥാന തല മത്സരം (സെമി ഫൈനൽ) നവംബർ 09 നും ഫൈനൽ മത്സരം നവംബർ 21, 22 തീയതികളിലും നടക്കുന്നതാണ്.

രൂപതാതല വിജയികൾക്ക് അഭിനന്ദനങ്ങൾ

രൂപതാതലത്തിൽ വിജയിച്ച് സംസ്ഥാനതല മത്സരത്തിന് യോഗ്യത നേടിയ ഓരോ പ്രായവിഭാഗത്തിലെയും ആദ്യ മൂന്ന് റാങ്കുകാർ യഥാക്രമം.

എ കാറ്റഗറി:

ഒന്നാം സ്ഥാനം : ജെയ്സ് സോജൻ കൂട്ടുങ്കൽ (കൂരാച്ചുണ്ട്)
രണ്ടാം സ്ഥാനം : ഫ്രാൻസിസ് പനച്ചിപ്പിള്ളിൽ (പാറോപ്പടി)
മൂന്നാം സ്ഥാനം : ഇസ്സ ഫിലോ കട്ടിക്കാനായിൽ (പുല്ലൂരാംപാറ)

ബി കാറ്റഗറി:

ഒന്നാം സ്ഥാനം : ഏയ്ഞ്ചൽ പുത്തൻപുരയ്ക്കൽ (വിലങ്ങാട്)
രണ്ടാം സ്ഥാനം : റെയ്ച്ചൽ മറിയം കൊറ്റനാൽ (ചെമ്പനോട)
മൂന്നാം സ്ഥാനം : ഏബൽ ജെനീഷ് വെമ്പിള്ളിൽ (ചെമ്പുകടവ്)

സി കാറ്റഗറി:

ഒന്നാം സ്ഥാനം : സോഫിയ ജിതിൻ കൊള്ളാനൂർ (മാങ്കാവ്)

രണ്ടാം സ്ഥാനം : ജോയൽ കെ. ജോർജ് കുര്യത്ത് (ചേവായൂർ)
മൂന്നാം സ്ഥാനം : സി. ജോസ്ന മരിയ എഫ്.സി.സി (പാറോപ്പടി)

ഡി കാറ്റഗറി:

ഒന്നാം സ്ഥാനം : ജിസി അഗ്ലാ മരോട്ടിക്കുഴി (കൂരാച്ചുണ്ട്)
രണ്ടാം സ്ഥാനം : സി. ബിനി ഡി.എസ്.റ്റി (മാലാപറമ്പ്)
മൂന്നാം സ്ഥാനം : ഷിംല വെട്ടുകല്ലേൽ (കുണ്ടുതോട്)

ഇ കാറ്റഗറി:

ഒന്നാം സ്ഥാനം : ബീന ജോസഫ് വയലിൽ (മാങ്കാവ്)
രണ്ടാം സ്ഥാനം : നിമ്മിമോൾ വടക്കേപറമ്പിൽ (കുന്ദമംഗലം)
മൂന്നാം സ്ഥാനം : ലിൻസി ജോർജ് തടത്തിൽ (കല്ലാനോട്)

എഫ് കാറ്റഗറി:

ഒന്നാം സ്ഥാനം : സാലി ജോർജ് കപ്പിലുമാക്കൽ
രണ്ടാം സ്ഥാനം : മാത്യു തൈക്കുന്നുംപുറത്ത് (കൂരാച്ചുണ്ട്)
മൂന്നാം സ്ഥാനം : റോസമ്മ ജോസ് മാടപ്പാട്ട് (പാറോപ്പടി)

കൃതജ്ഞത

ലോഗോസ് ക്വിസ് പരീക്ഷയുടെ മൂല്യനിർണയത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുതന്ന പി.എം.ഒ.സി ഡയറക്ടർ ഫാ. റോയി തേക്കുംകാട്ടിൽ, എല്ലാവിധ പിന്തുണയും നൽകിയ ആൽഫ മരിയ അക്കാദമി ഡയറക്ടർ ഫാ. ജോസഫ് പുളിച്ചമാക്കൽ, പരീക്ഷയുടെ മൂല്യനിർണയം വളരെ കൃത്യതയോടെയും സൂക്ഷ്മതയോടെയും ആത്മാർഥതയോടെയും നിർവഹിച്ച സി.എം.ഐ മൗണ്ട് സെന്റ് തോമസ് നൊവിഷ്യേറ്റ് ഹൗസിലെ ബ്രദേഴ്സ്, എം.എസ്.എം.ഐ ഗത്സെമൻ ഫോർമേഷൻ ഹൗസിലെ സന്യാസാർഥിനികൾ, എം.എസ്.എം.ഐ പ്രൊവിൻഷ്യൽ ഹൗസ്, എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസ്, എം.എസ്.ജെ പ്രൊവിൻഷ്യൽ ഹൗസ്, സി.എംസി നസ്രത്ത് ഭവൻ കോൺവെന്റ് - മേരിക്കുന്ന്, തിരുഹൃദയ കോൺവെന്റ് -അമലാപുരി, സി.എം.സി കോൺവെന്റ് - അടയ്ക്കാക്കുണ്ട് എന്നിവിടങ്ങളിൽ നിന്നുള്ള ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് എന്നിവർക്ക് താമരശ്ശേരി രൂപത ബൈബിൾ അപ്പസ്തോലേറ്റിന്റെ ഹൃദയം നിറഞ്ഞ നന്ദി.

DAILY BREAD 2026

ഒരു വർഷം കൊണ്ട് വിശുദ്ധ ബൈബിൾ വായിച്ചു മനസ്സിലാക്കാൻ സഹായിക്കുന്ന ദൈവവചന വായനാപദ്ധതിയായ DAILY BREAD 2026 എന്ന പേരിൽ 2026 ജനുവരി 01 ന് ആരംഭിച്ച വാട്സ്ആപ്പ് കൂട്ടായ്മയിൽ നാളിതുവരെ 446 പേർ അംഗങ്ങളായിട്ടുണ്ട്. ഓരോ ദിവസവും വായിക്കേണ്ട വചനഭാഗങ്ങൾ കൃത്യമായി അംഗങ്ങളെ അറിയിക്കുകയും വാട്സ്ആപ്പ് സ്റ്റാറ്റസ് ഇടാൻ ഉതകുന്ന വിധത്തിലുള്ള ഒരു ദൈവവചന പോസ്റ്ററും പങ്കുവയ്ക്കുകയും ചെയ്യുന്നു. 290 ദിവസങ്ങൾകൊണ്ട് പഴയനിയമഗ്രന്ഥങ്ങളുടെ വായന പൂർത്തിയാക്കി. 2026 ഒക്ടോബർ 18 ന് പുതിയ നിയമഗ്രന്ഥങ്ങളുടെ വായന ആരംഭിച്ചു.

ഫാ. അബ്രാഹം സ്രാമ്പിക്കൽ
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്



കരുണാഭവൻ

ചേവായൂർ, മുക്കം എന്നീ ഇടവകകളിൽനിന്ന് ബഹു. വൈദികരുടെ നേതൃത്വത്തിൽ സന്യസ്തരും, മതാധ്യാപകരും, കുട്ടികളും കരുണാഭവൻ സന്ദർശിച്ച്, പരിപാടികൾ അവതരിപ്പിച്ച് ഭൗതികമായി സഹായിച്ചു. കരുണാഭവൻ കുടുംബാംഗം സി. മെർലിൻ റോസ് എസ്.ഡിയുടെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. കരുണാഭവന്റെ രജിസ്ട്രേഷൻ പുതുക്കി കിട്ടുന്നതിനായുള്ള അപേക്ഷയുടെ ഭാഗമായി, ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥർ കരുണാഭവൻ സന്ദർശിച്ചു. കഴിഞ്ഞ ഒരു മാസക്കാലം കരുണാഭവനെ പ്രാർഥനകൊണ്ടും സാമ്പത്തികമായും സഹായിച്ച എല്ലാവർക്കും പ്രാർഥനാപൂർവം നന്ദി അറിയിക്കുന്നു.

ഫാ. സൈമൺ കിഴക്കേകുന്നേൽ
ഡയറക്ടർ, കരുണാഭവൻ

CAMP

PsychoFest 2026

ലോക മാനസികാരോഗ്യ ദിനത്തോടനുബന്ധിച്ച് കോഴിക്കോട് പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ സംഘടിപ്പിച്ച PsychoFest 2026 ൽ കാമ്പിലെ മാനസികാരോഗ്യ പ്രൊഫഷണലുകൾക്ക് സജീവമായി പങ്കുചേരാനും കൗൺസലിംഗ് സേവനങ്ങൾ നൽകാനും അവസരം ലഭിച്ചു. മാനസികാരോഗ്യ പിന്തുണ ആവശ്യമായവർക്ക് പ്രൊഫഷണൽ മാർഗനിർദേശവും കൗൺസലിംഗ് സേവനങ്ങളും ലഭ്യമാക്കുന്നതിലൂടെ ഈ പ്രവർത്തനത്തിൽ പങ്കാളികളാകാൻ കാമ്പ് ടീമിന് സാധിച്ചു.

മാനസികാരോഗ്യം കേൾവിയിൽ തുടങ്ങുന്ന കരുതൽ

ഓരോ വ്യക്തിയുടെയും മാനസികാരോഗ്യ അനുഭവങ്ങൾ വ്യത്യസ്തമാണ്. അവയെ മുൻവിധികളില്ലാതെ കേൾക്കുകയും മനസ്സിലാക്കുകയും ആവശ്യമായ പിന്തുണ ലഭ്യമാക്കുകയും ചെയ്യുന്നത് ആരോഗ്യകരമായ സമൂഹത്തിന്റെ അടിസ്ഥാനമാണ്. ഈ കാഴ്ചപ്പാടോടെ, വ്യക്തികൾക്കും കുടുംബങ്ങൾക്കും സമൂഹത്തിനും ഗുണമേന്മയുള്ള മാനസികാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നു.

CAMP നിങ്ങളുടെ മാനസികാരോഗ്യത്തിന് കരുതലോടെ

മാനസികാരോഗ്യ പിന്തുണയും പ്രൊഫഷണൽ കൗൺസലിംഗ് സേവനങ്ങളും ആവശ്യമുള്ളവർക്ക് കാമ്പിന്റെ സേവനങ്ങൾ ലഭ്യമാണ്. ഓൺലൈൻ കൗൺസലിംഗ് സേവനങ്ങളിലൂടെ വീട്ടിലിരുന്നുതന്നെ ആവശ്യമായ മാനസികാരോഗ്യ പിന്തുണ തേടാനും സാധിക്കും.

Website: campcalicut.com; Instagram: CAMP Calicut; Facebook: CAMP Calicut; Contact: +91 62383 87716.

ഫാ. ജോർജ് നരിവേലിൽ
ഡയറക്ടർ, CAMP



കെ.സി.വൈ.എം-എസ്.എം.വൈ.എം.

കെ.സി.വൈ.എം-എസ്.എം.വൈ.എം. യൂണിറ്റ് ഇലക്ഷനുകൾ

കെ.സി.വൈ.എം-എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ യൂണിറ്റ് ഇലക്ഷനും വാർഷിക ജനറൽ ബോഡിയും വിവിധ യൂണിറ്റുകളിൽ നടന്നു. 2026 വർഷത്തെ റിപ്പോർട്ടും കണക്കുകളും അവതരിപ്പിക്കുകയും ചെയ്തു. 2027 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഓരോ യൂണിറ്റിന്റെയും പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി, ട്രഷറർ, മേഖല പ്രതിനിധികൾ, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

വിറ്റാമിൻ സി: യുവജന സംഗമം

കെ.സി.വൈ.എം-എസ്.എം.വൈ.എം. പാറോപ്പടി മേഖലയുടെ നേതൃത്വത്തിൽ VITAMIN C - Life in Christ എന്ന പേരിൽ യുവജന സംഗമം ദേവഗിരി കോളേജിൽ നടന്നു. രൂപതയിലെ 500 ഓളം യുവജനങ്ങൾ യുവജന സംഗമത്തിൽ പങ്കെടുത്തു. കോഴിക്കോട് നോർത്ത് MLA അഡ്വ. കെ. ജയന്ത് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഫാ. സച്ചിൻ കപ്പൂച്ചിൻ, ഫാ. ദേവസ്യ തയ്യിൽ, സി. ക്രിസ്റ്റി എം.എസ്.എം.ഐ എന്നിവർ ക്ലാസുകൾ നയിച്ചു. ഹൃദയസ്പർശിയായ ആരാധനയും കുമ്പസാരവും നടത്തപ്പെട്ടു. ഫാ. സച്ചിൻ കപ്പൂച്ചിന്റെ നേതൃത്വത്തിലുള്ള 5&2 മ്യൂസിക്കൽ ബാന്റിന്റെ സംഗീതവിരുന്ന് നടത്തി. പാറോപ്പടി മേഖല ഡയറക്ടർ ഫാ. അജു ചിറയത്ത്, മേഖല പ്രസിഡന്റ് അബ്രഹാം തടത്തിൽ എന്നിവർ നേതൃത്വം നൽകി. രൂപത ഭാരവാഹികളും സംഗമത്തിൽ പങ്കെടുത്തു.

അമ്മക്കരികിൽ ജപമാലയുമായി

കെ.സി.വൈ.എം-എസ്.എം.വൈ.എം താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ ജപമാല മാസമായ ഒക്ടോബർ മാസത്തിൽ പരിശുദ്ധ

അമ്മയോടൊപ്പം യുവജനങ്ങൾ ഒത്ത് ചേർന്ന് 'അമ്മക്കരികിൽ ജപമാലയുമായി' എന്ന പേരിൽ ജപമാല സംഗമം നടത്തി. പന്ത്രണ്ട് ദിവസങ്ങളിലായി ഓരോ മേഖലയ്ക്കും ഓരോ ദിവസം എന്ന രീതിയിൽ ആണ് പ്രോഗ്രാം നടത്തിയത്. ഓരോ മേഖലക്കും വ്യത്യസ്തമായ നിയോഗം നൽകിയിരുന്നു. എല്ലാ മേഖലകളിലും അനുയോജ്യമായ തരത്തിൽ ഓൺലൈൻ/ഓഫ്ലൈൻ രൂപത്തിൽ ജപമാല നടത്തി. മേഖലാ പ്രതിനിധികൾ നേതൃത്വം നൽകിയ ജപമാലയുടെ അവസാനം മേഖല ഡയറക്ടർ അച്ചന്മാരുടെ ധ്യാനചിന്തകളോടെ അവസാനിച്ചു. രൂപത പ്രതിനിധികളും ജപമാലയിൽ പങ്കെടുത്തു. നേതൃത്വം നൽകിയ മേഖല ഡയറക്ടറച്ചന്മാരെയും ആനിമേറ്റർമാരെയും മേഖല പ്രതിനിധികളെയും നന്ദിയോടെ സ്മരിക്കുന്നു.

അഖണ്ഡ ജപമാല സമർപ്പണം

താമരശ്ശേരി രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയായിൽ 101 ദിവസം നീണ്ടു നിൽക്കുന്ന അഖണ്ഡ ജപമാലയിൽ കെ.സി.വൈ.എം-എസ്.എം.വൈ.എം താമരശ്ശേരി രൂപത സമിതി അംഗങ്ങൾ ഒരുമിച്ച് പങ്കെടുക്കുകയും ജപമാല ചൊല്ലി പ്രാർഥിക്കുകയും ചെയ്തു. പരിശുദ്ധ അമ്മയോടുള്ള ഭക്തിയും സ്നേഹവും ഒത്തുചേരുന്ന ഒക്ടോബർ മാസമായ ജപമാല മാസത്തിൽ രൂപത സമിതി അംഗങ്ങൾ ജപമാല ചൊല്ലി പ്രാർഥിച്ചു. രൂപത ഡയറക്ടർ ഫാ. ജ്യോതിസ് ചെറുശ്ശേരിൽ, പ്രസിഡന്റ് ആൽബിൻ ജോസ് കാക്കനാട്ട്, ജനറൽ സെക്രട്ടറി അലൻ മാലശ്ശേരിൽ എന്നിവർ നേതൃത്വം നൽകി. കൂടാതെ ജപമാല മാസത്തിൽ മേഖലകളുടെയും യൂണിറ്റുകളുടെയും നേതൃത്വത്തിൽ യുവജനങ്ങൾ ബഥാനിയായിൽ പോവുകയും ജപമാല ചൊല്ലി പ്രാർഥിക്കുകയും ചെയ്യണമെന്ന് രൂപത സമിതി അഹ്വാനം ചെയ്യുകയും ചെയ്തു.

അറിയിപ്പ്

നവംബർ, ഡിസംബർ മാസങ്ങളിലായി സംഘടനയുടെ വിവിധ മേഖല സമിതിയുടെ തെരഞ്ഞെടുപ്പും വാർഷിക സെനറ്റ് സമ്മേളനവും നടത്തപ്പെടുന്നു.

ഫാ. കുര്യൻ ചെറുശ്ശേരിൽ
ഡയറക്ടർ, കെ.സി.വൈ.എം-എസ്.എം.വൈ.എം



കരിസ്മാറ്റിക് മൂവ്മെന്റ്

ജാഗരണ പ്രാർഥന

സെപ്റ്റംബർ മാസത്തിലെ ജാഗരണ പ്രാർഥന സെപ്റ്റംബർ 25-ാം തീയതി വൈകിട്ട് 7 മുതൽ 26 തീയതി രാവിലെ 5 മണി വരെ തോട്ടുമുക്കം സബ് സോണിലെ വാലില്ലാപ്പുഴ ഇടവകയിൽ നടന്നു. വൈകുന്നേരം അഞ്ചുമണിക്ക് ഫാ. ജോസഫ് കുന്നത്ത് (വികാരി, വാലില്ലാപ്പുഴ) വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി. രൂപത യുടെ ആത്മീയനവീകരണത്തിനായി പ്രതിജ്ഞാബന്ധമായിരിക്കുന്ന സംഘടനയാണ് കരിസ്മാറ്റിക് മൂവ്മെന്റെന്നും സഭയുടെ നേതൃത്വ രംഗത്തേക്ക് അവർ കടന്നുവരുന്നത് ശ്ലാഘനീയമാണെന്നും ജോസഫ് അച്ചൻ പ്രസ്താവിച്ചു. 7 മണിക്ക് വികാരിയച്ചൻ സ്വാഗതം ആശംസിക്കുകയും ആരാധന ആരംഭിക്കുകയും ചെയ്തു. ഫാ.മിൽട്ടൺ മുളങ്ങാശ്ശേരി ആമുഖ സന്ദേശം നൽകുകയും അഭിഷേക പ്രാർഥന നടത്തുകയും ചെയ്തു. തുടർന്ന് ജപമാല, സ്തുതി ആരാധന, കുരിശിന്റെ വഴി, കരുണ കൊന്ത, മധ്യസ്ഥ പ്രാർഥന, ജെറിക്കോ പ്രയർ എന്നിവയ്ക്ക് സോൺ, സബ്സോൺ, സോണൽ മധ്യസ്ഥ പ്രാർഥന, സർവീസ് ടീം അംഗങ്ങൾ നേതൃത്വം നൽകി. കോഴിക്കോട് സോണിലെ വിവിധ സബ്സോണുകളിൽ നിന്നുള്ള പ്രതിനിധികളുടെ പങ്കാളിത്തത്തോടൊപ്പം, തോട്ടുമുക്കം സബ്സോണിലെയും വിശിഷ്യ വാലില്ലാപ്പുഴ ഇടവകയിലെയും നല്ലൊരു പങ്കാളിത്തം ജാഗരണ പ്രാർഥനയുടെ വിജയത്തിന് കാരണമായി മാറി.

ഫോർമേഷൻ പ്രോഗ്രാം

സബ്സോൺ സർവീസ് ടീം അംഗങ്ങളുടെയും മിനിസ്ട്രികളുടെ സോണൽ തല സർവീസ് ടീം അംഗങ്ങളുടെയും, കെ സി എസ് സി നേതൃത്വം നൽകുന്ന ഫോർമേഷൻ പ്രോഗ്രാം 2026 ഒക്ടോബർ 6 ന്

രാവിലെ 9 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ അശോകപുരം ഉണ്ണി മിശിഹാ പള്ളിയിൽ നടത്തപ്പെട്ടു. കെ സി എസ് സി കോഡിനേറ്റർ ഫാ. ജോൺസൺ തുണ്ടിയിൽ, സെക്രട്ടറി സാബു എം വർഗീസ്, സി. മരിയറ്റ് എം.എസ്.എം.ഐ സർവീസ് ടീം അംഗങ്ങളായ ഫ്രാൻസിസ് ആറാടൻ, രാജേഷ് പിട്ടാപ്പിള്ളി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഫാ.തോമസ് കുറ്റ്യാനി ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. ഫാ. ജേക്കബ് തോമസ്, ബെന്നിച്ചൻ കറുകമാലിൽ, ബേബി പഴംപ്ലാക്കൽ, സേവ്യർ കദളിക്കാട്ടിൽ എന്നിവർ നേതൃത്വം നൽകി.

മിനിസ്ട്രി പുന:സംഘടന

കോഴിക്കോട് സോണിലെ മിനിസ്ട്രികളുടെ പുനഃസംഘടന നടത്തി. ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി, ഷാജു കാഞ്ഞിരത്തിങ്കൽ, ബെന്നിച്ചൻ കറുകമാലിൽ, ജേക്കബ് തോമസ്, ബേബി പഴംപ്ലാക്കൽ, ജോസ് കീരപ്പടവിൽ, ആൻസി ഇലഞ്ഞിക്കൽ, സിത്താമ്മ വാണിയമ്പലം എന്നിവർ നേതൃത്വം നൽകി.

പുതിയ മിനിസ്ടി സർവീസ് ടീം അംഗങ്ങൾ

ആന്റണി തെക്കേക്കുറ്റ് പെരിന്തൽമണ്ണ (കോഡിനേറ്റർ), ജിജി കച്ചിറയിൽ ദേവഗിരി (സെക്രട്ടറി), ജേക്കബ് തോമസ് (ട്രഷറർ), ജോസുകുട്ടി പറ്റോപ്പടി, ജോബ് പെരിഞ്ചേരിൽ, മേരി കല്ലംപ്ളാക്കൽ, മോളി ജോളി പറോപ്പടി, ജിൽസി ജോസഫ് ദേവഗിരി, ഷേർളി താമരശ്ശേരി എന്നിവരാണ്.

കെരിഗ്മ മിനിസ്ട്രി

വർഗീസ് തുണ്ടത്തിൽ (കോഡിനേറ്റർ), ബെന്നി കൂടത്തായി (സെക്രട്ടറി), ആൻസി ആനിത്തോട്ടത്തിൽ (ട്രഷറർ), കവിത പുറ്റുമണ്ണിൽ, അലക്സ് മണിയങ്കേരി, പി.യു. സെബാസ്റ്റ്യൻ പാതിരിക്കോട്, മാത്യു കുളക്കാട്ട്, ചാക്കോ ഐപ്പൻപറമ്പിൽ, സാലി ഈങ്ങാപ്പുഴ.

പാരീഷ് മിനിസ്ട്രി

റോബർട്ട് പറോപ്പടി (കോഡിനേറ്റർ), പോൾ കെ.ജെ. താമരശ്ശേരി (സെക്രട്ടറി), തോമസ് കെ.ജെ. (ട്രഷറർ), മോളി സണ്ണി താമരശ്ശേരി,

എൽസ ജോസ് കരുവാരക്കുണ്ട്, തോമസ് കൂടത്തായി, വർഗീസ് കൂടത്തായി, മേരി സെബാസ്റ്റ്യൻ വിലങ്ങാട്, സണ്ണി കോക്കപ്പിള്ളി തിരുവമ്പാടി.

തൂവാനിസാ മിനിസ്ട്രി

സോളി ഷാജി ഇടയാടിൽ കോടഞ്ചേരി (കോഡിനേറ്റർ), വത്സമ്മ സെബാസ്റ്റ്യൻ ചമ്മൽ (സെക്രട്ടറി), സിസിലി വർക്കി ചേവായൂർ (ട്രഷറർ), ലില്ലി ജോർജ് പുതിയാമറ്റത്തിൽ വിലങ്ങാട്, ആനിയമ്മ മറ്റത്തിൽ തിരുവമ്പാടി, സാലി ജോസഫ് കോടഞ്ചേരി, മോളി മാത്യു പറോപ്പടി, ജെസ്സി മാത്യു ദേവഗിരി, സാലി താമരശ്ശേരി.

Yu4c മിനിസ്ട്രി

ഡെൽന ബോബി ആനക്കാംപൊയിൽ (കോഡിനേറ്റർ), ഫിയോണ റോസ് റോബി മലപ്പുറം (സെക്രട്ടറി), സിയാനോ മരിയ ആനക്കാം പൊയിൽ (ട്രഷറർ), ക്രിസ്റ്റി പോൾ പെരിന്തൽമണ്ണ, ആൻ മരിയ ജോസ് മുതുകാട്, ജോഷ്വാ ജോമി പേരാമ്പ്ര, ജൊവാക്കീം ജോമി പേരാമ്പ്ര.

കപ്പിൾസ് മിനിസ്ട്രി

ജോസഫ് & ജെസ്സി എംബ്രയിൽ, ദേവഗിരി (കോഡിനേറ്റർ), അംബ്രോസ് & സെൽവി ആലപ്പാട്ട്, തോട്ടുമുക്കം (സെക്രട്ടറി), ജോസ് & മേഴ്സി വിലങ്ങുപാറ, തിരുവമ്പാടി (ട്രഷറർ), കുര്യാക്കോസ് & അനില കുഴികണ്ടത്തിൽ കുന്നമംഗലം, സെബാസ്റ്റ്യൻ & ക്ലാര വള്ളോപ്പിള്ളി, ദേവഗിരി, ബിജു & ജൂലി കുമ്മായത്തൊട്ടിയിൽ, വേനപ്പാറ, സെബാസ്റ്റ്യൻ & മോളി അമ്പാട്ടുപറമ്പിൽ, കുണ്ട്തോട്, ആന്റോ & ബീന പ്ലാക്കാട്ട്, മലപ്പുറം, വിനോദ് & ഷീജ വെമ്പാല, കുണ്ടുതോട്.

ജീവജ്വാല കൗൺസിൽ

ബാബു മാളിയേക്കൽ ദേവഗിരി, (കോഡിനേറ്റർ), അഗസ്റ്റിൻ താമരശ്ശേരി (സെക്രട്ടറി), ത്രേസ്യാമ്മ കൂരാച്ചുണ്ട് (ട്രഷറർ)

അഭിനന്ദനങ്ങൾ

കപ്പിൾസ് മിനിസ്ട്രിയുടെ സെന്റർ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട

സുമേഷ് & ജയ കാണിക്കാടൻ ദമ്പതികൾക്കും, yu4c മിനിസ്ട്രിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ക്രിസ്റ്റി പോൾ പെരിന്തൽമണ്ണക്കും, കോഴിക്കോട് സോണിന്റെ പ്രാർഥനാനിർഭരമായ ആശംസകൾ.



ക്രിസ്റ്റീൻ മിനിസ്ട്രി

ക്രിസ്റ്റീൻ മിനിസ്ട്രിയുടെ പുനഃസംഘടനയും ആനിമേറ്റേഴ്സിന്റെ ഫോർമേഷൻ പ്രോഗ്രാമും എഫ്ഫാത്ത-2K26, ഒക്ടോബർ 21ന് താമരശ്ശേരി അൽഫോൻസാ നഴ്സറി സ്കൂളിൽ നടത്തി. രാവിലെ 9 മണിക്ക് ജപമാലയോടെ ആരംഭിച്ച ഫോർമേഷൻ പ്രോഗ്രാമിന് താമരശ്ശേരി മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ ദിവ്യബലി അർപ്പിച്ചു വചനസന്ദേശം നൽകി. ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. കെസിഎസ്സി ക്രിസ്റ്റീൻ മിനിസ്ട്രിയുടെ സെക്രട്ടറി ബ്രദർ ജൂഡ് ക്ലാസുകൾ നയിച്ചു. ഷാജു കാഞ്ഞിരത്തിങ്കൽ, ബെന്നിച്ചൻ കറുകമാലിൽ, രാജു മംഗലശ്ശേരി, ജേക്കബ് തോമസ്, ജോസ് കീരപ്പടവിൽ, ബേബി പഴംപ്ലാക്കൽ, സിത്താമ്മ വാണിയമ്പലം, സീമ ഷാലറ്റ് എന്നിവർ നേതൃത്വം നൽകി.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട സർവീസ് ടീം അംഗങ്ങൾ

ജാസ്മിൻ സിജോ വളയത്ത് ചെക്കിട്ടപ്പാറ (കോഡിനേറ്റർ), സി. സ്നേഹ എഫ്.സി.സി കോടഞ്ചേരി, ഷാന്റി തോമസ് തെക്കേമുറിയിൽ കട്ടിപ്പാറ, വിന്ധ്യാ ബാബു നിരപ്പേൽ കൂരാച്ചുണ്ട്, റോബിലി ജോസ് പഴയപറമ്പിൽ മുതുകാട്, ബേബി വേനപ്പാറ, മേഴ്സി ജയ്സൺ ചേവായൂർ, സി. ദീപ്തി എസ്.എ.ബി.എസ്, സി. ജെസ്ന ജെയ്സൺ എസ്.കെ.ഡി.

ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്, ക്രിസ്റ്റീൻ മിനിസ്ട്രി



ബഥാനിയ ധ്യാനകേന്ദ്രം

'അവന്റെ മുറിവിനാൽ നിങ്ങൾ
സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു' (1 പത്രോ 2,24)

ജപമാല മാസം ബഥാനിയയെ സംബന്ധിച്ച് ദൈവാനുഗ്രഹത്തിന്റെ മാസമായിരുന്നു. അഖണ്ഡ ജപമാല സമർപ്പണത്തിന്റെ സമാപന ദിനങ്ങളായതിനാൽ അഭൂതപൂർവമായ ജനത്തിരക്കായിരുന്നു ശുശ്രൂഷകൾക്ക് ഉണ്ടായിരുന്നത്.

അഖണ്ഡജപമാല സമർപ്പണം

2026 ജൂലൈ 16-ാം തീയതി ആരംഭിച്ച അഖണ്ഡ ജപമാല സമർപ്പണവും ദിവ്യകാരുണ്യ ആരാധനയും 101 ദിവസങ്ങൾ പൂർത്തിയാക്കി ഒക്ടോബർ 24ന് സമാപിച്ചു. 2424 മണിക്കൂറുകളിൽ ഇടമുറിയാതെ ജപമാല ചൊല്ലി പ്രാർഥിക്കാൻ പതിനായിരങ്ങളാണ് ബഥാനിയായിൽ എത്തിച്ചേർന്നത്. നിരവധി ഇടവകകളിൽ നിന്നായിരാവും പകലും വിശ്വാസികൾ ബഥാനിയായിൽ എത്തി പ്രാർഥിച്ചു മടങ്ങി. ഈ വർഷത്തിലെ അഖണ്ഡ ജപമാല സമർപ്പണത്തിൽ എത്തിച്ചേർന്ന എല്ലാ വൈദികർക്കും ഇടവകാംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

അഖണ്ഡ ജപമാല സമർപ്പണത്തിന്റെ നൂറാം ദിനമായ ഒക്ടോബർ 23ന് രാവിലെ പതിനൊന്നിന് ദിവ്യകാരുണ്യ ആരാധനയും വചനപ്രഘോഷണവും നടത്തപ്പെട്ടു. അന്നേ ദിവസം പുല്ലൂരാംപാറ ഇടവക വികാരി ഫാ. കുര്യാക്കോസ് മുകാലയിൽ വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. വൈകുന്നേരം 6.30ന് മെഴുകുതിരികളേന്തി ജപമാല റാലിയും ദിവ്യകാരുണ്യ ആരാധനയും ബഥാനിയായിൽ നടത്തപ്പെട്ടു. തുടർന്ന് രൂപത വികാരി ജനറാൾ മോൺ. അബ്രഹാം വയലിൽ വി. കുർബാന അർപ്പിച്ചു.

ഒക്ടോബർ 24 ന് നടന്ന അഖണ്ഡ ജപമാല സമർപ്പണ സമാപനത്തിന്

അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമികത്വം വഹിച്ചു. ഫാ. കുര്യാക്കോസ് മുകാല, ഫാ. സെബാസ്റ്റ്യൻ പാട്ടശ്ശേരി, ഫാ. കുര്യൻ ചെറുശ്ശേരിൽ, ഫാ. ജോസഫ് മലമ്പേൽ എന്നിവർ സഹകാർമ്മികരായിരുന്നു.

തുടർന്ന് ദിവ്യകാരുണ്യ ആരാധനയും ദിവ്യകാരുണ്യ പ്രദക്ഷിണവും ഉണ്ടായിരുന്നു. സ്നേഹവിരുന്നോടെ ഈ വർഷത്തെ അഖണ്ഡ ജപമാല സമർപ്പണം സമാപിച്ചു. അനേകായിരങ്ങൾ സമാപന ദിവസങ്ങളിൽ ബഥാനിയായിൽ എത്തുകയും പ്രാർഥിച്ച് മടങ്ങുകയും ചെയ്തു.

ജീവിതവിശുദ്ധീകരണ ധ്യാനങ്ങൾ

ഒക്ടോബർ മാസത്തിൽ 09 മുതൽ 12 വരെ തീയതികളിൽ ബഥാനിയായിൽ ജീവിതവിശുദ്ധീകരണ ധ്യാനം നടത്തപ്പെട്ടു. അനേകം യുവജനങ്ങളും മുതിർന്നവരും ധ്യാനത്തിൽ പങ്കെടുക്കുകയും ആത്മീയ ഉണർവോടെ മടങ്ങുകയും ചെയ്തു. വെള്ളിയാഴ്ച വൈകുന്നേരം ആരംഭിച്ച ധ്യാനം തിങ്കളാഴ്ച ഉച്ചയോടെയാണ് സമാപിച്ചത്.

ആദ്യവെള്ളി കൺവെൻഷൻ

ഒക്ടോബർ മാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച അനേകം ആളുകൾ ശുശ്രൂഷകൾക്ക് എത്തിച്ചേർന്നു. രാവിലെ 9 മണിക്ക് ആരംഭിച്ച ആദ്യവെള്ളി ശുശ്രൂഷകളിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യശുശ്രൂഷ, ഡെലിവറൻസ് ശുശ്രൂഷ, ദിവ്യകാരുണ്യ പ്രദക്ഷിണം, വി. കുർബാന, വചന സന്ദേശം, വിശുദ്ധ കുമ്പസാരം, സ്പിരിചൽ ഷെയറിങ്ങ് തുടങ്ങിയവ ഉണ്ടായിരുന്നു. നിരവധി ആളുകൾ പങ്കെടുത്തു. ദൈവാനുഗ്രഹത്തിന്റെ നിറവനുഭവമായിരുന്നു ആദ്യവെള്ളികൺവെഷൻ.

ഏകദിന കൺവെൻഷൻ

ഒക്ടോബർ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും കൺവെൻഷനുകൾ നടന്നു. ഒട്ടനവധി ആളുകൾ പങ്കെടുത്തു. പങ്കെടുത്തവർക്ക് എല്ലാം പുത്തൻ ഉണർവ് നൽകാൻ ബഥാനിയായിലെ ശുശ്രൂഷകൾക്ക് സാധിച്ചു. അഖണ്ഡ ജപമാലയുടെ സമാപന ദിവസങ്ങൾ

ആയതിനാൽ എല്ലാ വെള്ളിയാഴ്ചകളിലും ധാരാളം പേർ ശുശ്രൂഷകളിൽ പങ്കെടുത്തു. അതിരാവിലെ വന്ന് ജപമാല ചൊല്ലി പ്രാർഥിച്ച തിനുശേഷം കൺവെൻഷനിൽ പങ്കെടുക്കുന്ന ധാരാളംപേരെ കാണാമായിരുന്നു. കുമ്പസാരിക്കാനുള്ള അവസരം അനേകം ആളുകൾ ഈ ദിവസങ്ങളിൽ പ്രയോജനപ്പെടുത്തി. രാവിലെ 9 മണിക്ക് ആരംഭിക്കുന്ന വെള്ളിയാഴ്ച ശുശ്രൂഷയിൽ കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യ ആരാധന, വിടുതൽ ശുശ്രൂഷ, സൗഖ്യ ശുശ്രൂഷ, വി.കുമ്പസാരം, വി.കുർബാന, വചന സന്ദേശം, സ്പിരിചൽ ഷെയറിങ് തുടങ്ങിയവ ഉൾപ്പെടുത്തിയിരുന്നു.

വിശുദ്ധ കുർബാനയും കുമ്പസാരവും

അഖണ്ഡ ജപമാല ദിവസങ്ങളിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 6നും ഉച്ചയ്ക്ക് 12നും വൈകിട്ട് ഏഴിനും ദിവ്യബലിയർപ്പണം ഉണ്ടായിരുന്നു. വി.കുമ്പസാരത്തിനുള്ള അവസരവും എല്ലാ ദിവസവും ക്രമീകരിച്ചിരുന്നു. അഖണ്ഡ ജപമാല ദിവസങ്ങളിൽ ഓരോ ദിവസവും നൂറുകണക്കിന് ആളുകളാണ് കുമ്പസാരിച്ചത്.

സ്പിരിചൽ ഷെയറിങ്ങും മധ്യസ്ഥ പ്രാർഥനയും

ഞായർ ഒഴികെ എല്ലാ ദിവസവും മധ്യസ്ഥപ്രാർഥന ബഥാനിയായിൽ ഒരുക്കപ്പെട്ടിരുന്നു. ബഥാനിയായിലെ വിവിധ ചാപ്പലുകളിൽ നടക്കുന്ന ഈ പ്രാർഥന നയിക്കുന്നത് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ്. അഖണ്ഡ ജപമാലയുടെ ഭാഗമായി ഞായർ ഒഴികെ എല്ലാ ദിവസവും സ്പിരിചൽ ഷെയറിംങ്ങ് ഒരുക്കിയിരുന്നു. ദൈവഹിതം തിരിച്ചറിഞ്ഞ് ജീവിതത്തെ ക്രമീകരിക്കുവാൻ അനേകർക്ക് ഈ ശുശ്രൂഷയിലൂടെ സാധിച്ചു.

നവംബർ മാസത്തിലെ ശുശ്രൂഷകൾ

06 ആദ്യവെള്ളി – ഏകദിന കൺവെൻഷൻ
13 വെള്ളി – ഏകദിന കൺവെൻഷൻ
ജീവിതവിശുദ്ധീകരണ ധ്യാനം (13-16)
20 വെള്ളി – ഏകദിന കൺവെൻഷൻ
27 വെള്ളി – ഏകദിന കൺവെൻഷൻ

ഫാ. റോണി പോൾ കാവിൽ
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

മാതൃവേദി

മാർഗ്ഗം കളി മത്സരം

സീറോ മലബാർ താമരശ്ശേരി രൂപത കോടഞ്ചേരി സെന്റ് ജോസഫ് സ്കൂളിൽ സംഘടിപ്പിച്ച രൂപത മാർഗ്ഗം കളി മത്സരത്തിൽ മുക്കം മേഖലയിലെ സേക്രട്ട് ഹാർട്ട് ഇടവക ഒന്നാം സമ്മാനവും, ദേവഗിരി സെന്റ് ജോസഫ് പള്ളി, മരിയാപുരം ഫാത്തിമ മാതാ പള്ളി യഥാ ക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്കുള്ള ട്രോഫിയും ക്യാഷ് അവാർഡുകളും കോടഞ്ചേരി പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി അന്നക്കുട്ടി ദേവസ്യാ വിതരണം ചെയ്തു. മറ്റു ഇടവകൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകി.

മേഖലാ സമ്മേളനങ്ങൾ

താമരശ്ശേരി രൂപത, മേഖല സമ്മേളനങ്ങളും രൂപത വിസിറ്റും നടന്നു വരുന്നു. വിലങ്ങാട്, കോടഞ്ചേരി, കൂരാച്ചുണ്ട്, മരുതോങ്കര മേഖലയിലെ സമ്മേളനങ്ങൾ അമ്മമാരുടെ പങ്കാളിത്തം കൊണ്ടും സഹകരണങ്ങൾ കൊണ്ടും വിജയകരമായി നടുത്തുവാൻ കഴിഞ്ഞു

ഗ്ലോബൽ സമ്മേളനം

ഹൊസൂർ രൂപതയിൽ സെപ്റ്റംബർ 30 – ഒക്ടോബർ 01 ന് നടന്ന മാതൃവേദി ഗ്ലോബൽ സമ്മേളനത്തിൽ താമരശ്ശേരി രൂപത ഡയക്ടർ ഫാ. വർഗീസ് പനക്കലിന്റെ നേതൃത്വത്തിൽ രൂപത ഭാരവാഹികൾ പങ്കെടുത്തു. ആന്തം മത്സരത്തിൽ ഒന്നാം സമ്മാനത്തിന് അർഹമായ താമരശ്ശേരി രൂപതയ്ക്കുള്ള പുരസ്കാരം മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിലിൽനിന്നും അഭിമാനപൂർവം ഏറ്റുവാങ്ങി.

അറിയിപ്പുകൾ

നവംബർ 14 ന് 9 മണിക്ക് താമരശ്ശേരി. അൽഫോൻസാ ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ താമരശ്ശേരി രൂപത മാതൃവേദി സ്പോർസ് മത്സരം നടക്കുന്നു.

വീത്ത മിയ - ഇടവകകൾ

18 നവംബർ-പുതുപ്പാടി; 22 നവംബർ-വലിയകൊല്ലി; 26 നവംബർ-അമലാപുരി; 28 നവംബർ - കട്ടിപ്പാറ

ക്രിസ്തുമസ് കേക്ക് ചലഞ്ച്

മാനന്തവാടി രൂപത sigwe യും താമരശ്ശേരി രൂപതയും സംയുക്ത മായി മേഖല-ഇടവക തലങ്ങളെ ഒന്നിപ്പിച്ച് നടത്തുന്ന 'ക്രിസ്തുമസ് കേക്ക് ചലഞ്ച്' ആരംഭിക്കുന്നു.

ഫാ. വർഗീസ് പനയ്ക്കൽ
ഡറക്ടർ, മാതൃവേദി



മരിയൻ പ്രോലൈഫ് മൂവ്മെന്റ്

അഖണ്ഡ ജപമാല സമർപ്പണം

പുല്ലൂരാംപാറ ബഥാനിയ ധ്യാന സെന്ററിൽ നടത്തപ്പെട്ട അഖണ്ഡ ജപമാല സമർപ്പണത്തിൽ 03-10-2026 ശനിയാഴ്ച മൊമെന്റിന്റെ നേതൃത്വത്തിൽ രൂപതയിലെ വലിയ കുടുംബങ്ങൾ ഒന്ന് ചേർന്ന് ജപമാല അർപ്പിച്ചു. തുടർന്ന് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ വിശുദ്ധ ബലി അർപ്പിക്കപ്പെട്ടു. ധാരാളം കുടുംബാംഗങ്ങൾ ജപമാല സമർപ്പണത്തിൽ പങ്കെടുത്തു.

എക്സിക്യൂട്ടീവ് മീറ്റിംഗ്

രൂപത, മേഖല ഭാരവാഹികളുടെ ഒരു മീറ്റിംഗ് ഓൺലൈനായി നടത്തപ്പെട്ടു. രൂപതയിലെയും മേഖലയിലെയും ഭാരവാഹികൾ എല്ലാവരും ഈ മീറ്റിങ്ങിൽ സജീവമായി പങ്കെടുത്തു.

റീൽസ് മത്സരം: പുതുക്കിയ കാലാവധി

രജിസ്ട്രേഷൻ തീയതി: 31-10-2026
റീൽസ് സമർപ്പിക്കേണ്ട അവസാന തീയതി: 15-11-2026

ഫാ. ജോസ് പെണ്ണാപറമ്പിൽ
ഡയറക്ടർ, മരിയൻ പ്രോലൈഫ് മൂവ്മെന്റ്



എൻ എൽ പി ഫോളോ അപ്പ് ക്യാമ്പ് - വിലങ്ങാട്

ഒക്ടോബർ രണ്ടാം തീയതി വെള്ളിയാഴ്ച എൻ എൽ പി അഞ്ചാമത്തെ ബാച്ചിന്റെ ഫോളോ അപ്പ് ക്യാമ്പ് വിലങ്ങാട് പരിഷ് ഹാളിൽ നടന്നു. 25 കുട്ടികൾ പങ്കെടുത്തു. പഠന സംബന്ധമായ ബുദ്ധിമുട്ടുകൾ കൈകാര്യം ചെയ്യാനുള്ള വഴികൾ, തുടർ - കൗൺസിലിംഗ് എന്നിവ ക്യാമ്പിൽ ഉൾപ്പെടുത്തിയിരുന്നു. ശ്രീ. മില്ലറ്റ് ചാണ്ടി, സി. ഡോണ എഫ്സിസി, സി. സോന എഫ്.സി.സി, സി. സജിനി ഡി.പി.എം.റ്റി എന്നിവർ നേതൃത്വം നൽകി.

ഫാ. മെൽവിൻ വെള്ളയ്ക്കാകുടിയിൽ, ടീം ലീഡർ സി. റീന എഫ്.സി.സി, സി. നീന സി.എം.സി എന്നിവർ പരിപാടി ക്രമീകരിച്ചു. രാവിലെ 10 മണിക്ക് ആരംഭിച്ച പരിപാടി വൈകിട്ട് നാലരയോടു കൂടെ സമാപിച്ചു.

Race 2 IAS ക്ലാസുകൾ ആരംഭിച്ചു

സിവിൽ സർവീസ് ഫൗണ്ടേഷൻ കോച്ചിംഗ് ആയ റൈസ് ടു ഐഎ സിന്റെ പത്താമത്തെ എഡിഷൻ ക്ലാസുകൾ ആരംഭിച്ചു. 80 കുട്ടികൾ ഈ വർഷം കോഴ്സിൽ പങ്കെടുത്തു വരുന്നു.

അറിയിപ്പുകൾ

1. റൈസ് ടു ഐഎഎസ് 10 എഡിഷൻ എക്സാം നവംബർ 14ന് രൂപതയിലെ വിവിധ സെന്ററുകളിൽ ക്രമീകരിച്ചിരിക്കുന്നു.
2. സമുദായ സമുന്നതി പദ്ധതിയിൽ നവംബർ മാസത്തിൽ കക്കയം, കാറ്റുള്ളമല എന്നീ ഇടവകകളിൽ കുട്ടികൾക്ക് വേണ്ടി സ്കിൽ അസ്സസ്മെന്റ്, കരിയർ ആറ്റിട്യൂട് ടെസ്റ്റ്, കരിയർ ഗൈഡൻസ് പരിപാടികൾ സംഘടിപ്പിക്കുന്നു.

ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ
ഡയറക്ടർ, എയ്ഡർ എഡ്യൂകെയർ

സ്റ്റാർട്ട്

മാർ ടോണി നീലങ്കാവിൽ സ്റ്റാർട്ട് സന്ദർശിച്ചു

തൃശൂർ അതിരൂപതയുടെ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ സഹപാഠിസംഗമത്തിന്റെ ഭാഗമായി സ്റ്റാർട്ട് സന്ദർശിച്ചു. സ്റ്റാർട്ടിന്റെ സ്ഥാപനത്തിന്റെ രൂപീകരണത്തിലും വളർച്ചയിലും നിർണായക പങ്കുവഹിച്ച ഫാ. ഡോ. ജോർജ് പൈമ്പിള്ളിയുടെ സഹപാഠിയാണ് മാർ ടോണി നീലങ്കാവിൽ. 2026 സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 2 വരെ സ്റ്റാർട്ടിൽ നടന്ന ത്രിദിന സഹപാഠി സംഗമത്തിൽ തലശ്ശേരി അതിരൂപതയുടെ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലക്കുഴി, ആലുവ മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി മുൻ റെക്ടർ ഫാ. ഡോ. മാത്യു ഇല്ലത്തുപറമ്പിൽ, പാലാ സെന്റ് തോമസ് കോളേജ് മുൻ പ്രിൻസിപ്പൽ ഫാ. ഡോ. ജെയിംസ് ജോൺ മംഗലത്ത് എന്നിവർ ഉൾപ്പെടെ 25 സഹപാഠികൾ വിദ്യാർഥികളുമായി സംവദിച്ചു.

AI & Python പരിശീലനം

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), പൈത്തൺ (Python) എന്നീ ആധുനിക സാങ്കേതികവിദ്യകളിൽ പരിശീലനം നേടാൻ സ്റ്റാർട്ട് അവസരമൊരുക്കുന്നു. നിർമിതബുദ്ധിയുടെ അടിസ്ഥാന ആശയ ങ്ങൾ മനസ്സിലാക്കുന്നതിനൊപ്പം മെഷീൻ ലേണിങ് (Machine Learning), ഡാറ്റാ സയൻസ് (Data Science) തുടങ്ങിയ മേഖലകളിൽ പൈത്തൺ ഉപയോഗിച്ചുള്ള പ്രോഗ്രാമിങ്ങിൽ പ്രായോഗിക പരിശീലനവും നൽകുന്നു.

എല്ലാ മാസവും ആദ്യ ശനിയാഴ്ച പുതിയ പ്രവേശനങ്ങൾ സ്വീകരിക്കുന്നു. താൽപര്യമുള്ളവർക്ക് www.startindia.org/online എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാം.

Multiple Intelligence Aptitude Test

വിദ്യാർഥികൾക്കായി അഭിരുചി പരിശോധന വിദ്യാർഥികളുടെ വ്യത്യസ്ത കഴിവുകളും അഭിരുചികളും കണ്ടെത്തുന്നതിനായി സ്റ്റാർട്ട് Multiple Intelligence Aptitude Test സംഘടിപ്പിക്കുന്നു. ആറ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്ക് ആവശ്യാനു സരണം അഭിരുചി പരിശോധനകൾ നടത്തിക്കൊടുക്കുന്നു. കുട്ടികളുടെ വ്യക്തിഗത കഴിവുകളും താൽപര്യങ്ങളും തിരിച്ചറിഞ്ഞ് അനുയോജ്യ മായ പഠനമേഖലകളും ഭാവിസാധ്യതകളും കണ്ടെത്താൻ സഹായി ക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കൂടുതൽ വിവരങ്ങൾക്ക്: വെബ് സൈറ്റ്: www.startindia.org, ഫോൺ: 0495-2357843, 9037107843, 9744458111, startcalicut22 @gmail. com.

ഫാ. ജേക്കബ് കിഴക്കേവീട്ടിൽ
ഡയറക്ടർ, സ്റ്റാർട്ട്

ജീസസ് ഫ്രട്ടേണിറ്റി

വിവിധ ജയിലുകൾ സന്ദർശിച്ച് പ്രാർഥിച്ച്, വി.കുർബാന അർപ്പിച്ചു. കോഴിക്കോട് ജില്ല ജയിൽ സൂപ്രണ്ട് ശ്രീ. അഖിൽ രാജ് മാനന്തവാടി ജയിലിലേക്ക് സ്ഥലം മാറി പോകുന്നതിനാൽ, അദ്ദേഹത്തിന് പാരോ പ്പടിയിൽ വച്ച് സോണൽ ഡയറക്ടർ ഫാ. സൈമൺ കിഴക്കേകുന്നേലിന്റെ നേതൃത്വത്തിൽ യാത്രയയപ്പ് നൽകി.

ജീസസ് ഫ്രട്ടേണിറ്റിയുടെ 14-ാമത് ദേശീയ കൺവെൻഷൻ വാരണാസിയിൽ ഒക്ടോബർ 17-20 വരെ നടത്തപ്പെട്ടു. പ്രസ്തുത സമ്മേളനത്തിൽ താമരശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് സി. ഫിലോ എസ്.എ.ബി.എസ്., സി. ഫോൺസി എസ്.എ.ബി.എസ്. എന്നിവർ പങ്കെടുത്തു. കേരളത്തിൽ നിന്ന് പങ്കെടുത്തവരിൽ പ്രത്യേക പുര സ്കാരത്തിന് സി. ഫിലോ എസ്.എ.ബി.എസ് അർഹയായി.

ഫാ. സൈമൺ കിഴക്കേകുന്നേൽ
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്നിലുള്ള പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ ഇപ്പോൾ നടക്കുന്ന കോഴ്സുകൾ. കൗൺസിലിങ്ങിനായി കപ്പുച്ചിൻ സഭാംഗമായ ഫാ. ജോജി പെരുംപ്പെട്ടിക്കുന്നേൽ OFM cap സേവനവും ജെപിഐയിൽ ലഭ്യമാണ്.

കോഴ്സുകൾ

1. എംഎസ്സി ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)
2. എംഎസ്സി ഇൻ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് (ഓൺലൈൻ)

അറിയിപ്പ്

ആത്മഹത്യയും ഡിപ്രെഷനും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വ്യക്തികളെ മാനസികമായി പിന്തുണക്കാനും അവരെ സഹായിക്കുവാനും പ്രവർത്തന സജ്ജമായ 'ഹോപ്പ് ലൈൻ' എന്ന എമർജൻസി ഹെൽപ് ലൈൻ പ്രവർത്തിച്ചു വരുന്നു. സംസാരിക്കുന്നതിനായി രാവിലെ രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ ഈ നമ്പറിൽ 07946350880 ബന്ധപ്പെടാവുന്നതാണ്.

കൂടാരം കേൾക്കാനൊരിടം

എന്നത് മനസ്സുതുറന്ന് സംസാരിക്കാനും സ്വന്തം വിഷമങ്ങളും പ്രശ്നങ്ങളും പങ്കുവെക്കാനും കഴിയുന്ന ഒരു സൗജന്യ കൗൺസിലിംഗ് സേവനമാണ്. മാനസിക പിന്തുണയും ആശ്വാസവും ആവശ്യമായവർക്ക് പരിശീലനം ലഭിച്ച കൗൺസിലർമാരുടെ സഹായം ലഭിക്കുന്നതിനായി ഈ സംരംഭം ആരംഭിച്ചിരിക്കുന്നു. രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണി വരെ ഈ നമ്പറിൽ വിളിക്കാവുന്നതാണ്. ഫോൺ: 9037379180.

സൈക്കോ ഫെസ്റ്റ് 2026

മനുഷ്യന്റെ മനസ്സിനെയും ചിന്തകളെയും വികാരങ്ങളെയും പെരുമാറ്റങ്ങളെയും അടുത്തറിയാൻ അവസരമൊരുക്കിയ സവിശേഷ സംഗമമായിരുന്നു പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട്, മേരിക്കുന്ന് ഒക്ടോബർ 10ന് സംഘടിപ്പിച്ച സൈക്കോ ഫെസ്റ്റ്. മാനസികാരോഗ്യ ത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനും മനഃശാസ്ത്ര പരമായ അറിവുകൾ പൊതുസമൂഹ ത്തിലേക്ക് എത്തിക്കുന്നതിനും ലക്ഷ്യമിട്ട ഈ പരിപാടി വിജ്ഞാനത്തിന്റെയും സർഗാത്മകത യുടെയും കൂട്ടായ്മയായി മാറി.

രാവിലെ ഒൻപത് മണിക്ക് രജിസ്ട്രേഷനോടെ പരിപാടികൾ ആരംഭിച്ചു. പത്തുമണിക്ക് ഡോ. ബാലകൃഷ്ണൻ നമ്പ്യാർ ഒന്നും രണ്ടും മൂന്നും സ്റ്റാളുകൾ ഉദ്ഘാടനം ചെയ്തു. മനഃശാസ്ത്ര വുമായി ബന്ധപ്പെട്ട വിഷയങ്ങൾ അടുത്തറിയാനും വിവിധ അറിവുകൾ പങ്കുവെക്കാനും സ്റ്റാളുകൾ അവസരമൊരുക്കി. തുടർന്ന് നടന്ന ഉദ്ഘാടന-സെമിനാർ സമ്മേളനം പ്രാർഥനയോടെ ആരംഭിച്ചു. ഫാ. ഡോ. കുര്യൻ പുരമഠം സ്വാഗതം ആശംസിച്ചു. വികാരി ജനറാൾ മോൺ. അബ്രഹാം വയലിൽ അധ്യക്ഷത വഹിച്ചു. കോഴിക്കോട് നോർത്ത് സോൺ എക്സൈസ് ജോയിന്റ് കമ്മീഷണർ ശ്രീ. ഷിബു സമ്മേളനം ഉദ്ഘാടനം ചെയ്തു. സി. ഡോ. ആൻസിൻ എസ്.എച്ച്., ഡോ. അനു പത്മനാഭൻ, സൈക്യാട്രിസ്റ്റ്, എന്നിവർ നയിച്ച സെഷനു കൾ പരിപാടിയുടെ പ്രധാന ആകർഷണങ്ങളായി. മൈം, നൃത്തം, സ്കിറ്റ് തുടങ്ങിയ സാംസ്കാരിക പരിപാടികൾ ഫെസ്റ്റിന് കൂടുതൽ മിഴിവേകി. പഠനവും വിനോദവും സർഗാത്മകതയും ഒത്തുചേർന്ന ഈ അവതരണങ്ങൾ മനഃശാസ്ത്ര സന്ദേശങ്ങൾ കൂടുതൽ ഹൃദയസ്പർശിയായി അവതരിപ്പിച്ചു. ഉച്ചഭക്ഷണത്തോടെ പരിപാടി സമാപിച്ചു. അതിൽ ഏകദേശം 300 പേർ പങ്കെടുക്കുകയും ചെയ്തു.

ഒക്ടോബർ 10 ന് നടന്ന രക്തദാന ക്യാമ്പിൽ നിരവധി പേർ രക്തദാനം ചെയ്ത് മറ്റുള്ളവർക്ക് മാതൃകയായി. ജീവൻ രക്ഷിക്കാനുള്ള മഹത്തായ ഈ പ്രവർത്തനത്തിലൂടെ അവർ സമൂഹത്തിന് കാരുണ്യത്തിന്റെയും മാനവികതയുടെയും സന്ദേശം പകർന്നു.

ഫാ. കുര്യൻ പുരമഠത്തിൽ
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

ഇൻഫാം

പുതിയ യൂണിറ്റുകളുടെ രൂപീകരണവും വിത്ത് വിതരണവും

ഒക്ടോബർ മാസത്തിൽ മഞ്ഞുവയൽ, കുപ്പായക്കോട്, കൂടരഞ്ഞി, മഞ്ഞക്കടവ്, കാക്കവയൽ, കക്കാടംപൊയിൽ, മരഞ്ചാട്ടി, കുളിരാമുട്ടി തുടങ്ങിയ ഇടവകകളിൽ ഇൻഫാം യൂണിറ്റുകൾ രൂപീകരിക്കുകയും കർഷകർക്ക് വിത്തുകൾ വിതരണം ചെയ്യുകയും ചെയ്തു. ഇതിലൂടെ കൂടുതൽ കർഷകരെ സംഘടനയിലേക്ക് കൊണ്ടുവരാനും കൃഷി പ്രോത്സാഹിപ്പിക്കാനും സാധിച്ചു.

കാർഷിക ജില്ലാ യോഗങ്ങൾ

വിലങ്ങാട്, മരുതോങ്കര, കൂരാച്ചുണ്ട്, കോടഞ്ചേരി എന്നീ കാർഷിക ജില്ലകളിൽ യോഗങ്ങൾ സംഘടിപ്പിച്ചു. കൂടുതൽ കർഷകരെ ഇൻഫാമിന്റെ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും സംഘടനയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഈ യോഗങ്ങൾ സഹായകമായി.

യൂണിറ്റ് പ്രസിഡന്റുമാരുടെ യോഗം

താമരശ്ശേരി ബിഷപ്പ് ഹൗസിൽ ഇൻഫാം യൂണിറ്റ് പ്രസിഡന്റുമാരുടെ യോഗം ചേർന്നു. യോഗത്തിൽ ഒക്ടോബർ 30-ന് തിരുവമ്പാടിയിൽ വിപുലമായ കാർഷിക സംഗമം സംഘടിപ്പിക്കാൻ തീരുമാനിച്ചു. പിതാവിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സംഗമത്തിൽ കേരള കൃഷി വകുപ്പ് മന്ത്രി ടി. സിദ്ധിഖ് പങ്കെടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കർഷകരുടെ കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനും കാർഷിക മേഖലയിലെ പ്രശ്നങ്ങളും ആവശ്യങ്ങളും ചർച്ച ചെയ്യുന്നതിനുമാണ് സംഗമം ലക്ഷ്യമിടുന്നത്.

ഫാ. ജോർജ് മുണ്ടനാട്ട്
ഡയറക്ടർ, ഇൻഫാം

വികസന വേദി

അടുക്കളത്തോട്ട-ജൈവകൃഷി വികസനം

സിഒഡിയുടെ വിവിധ ഗ്രാമ വികസന സമിതി (GVS) തലങ്ങളിൽ അടുക്കളത്തോട്ട കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പച്ചക്കറി വിത്തുകൾ, തൈകൾ, ഗ്രോബാഗുകൾ എന്നിവ വിതരണം ചെയ്തു.

വാണിമേൽ ഗ്രാമപഞ്ചായത്തും കൃഷിഭവനും സിഒഡിയുടെ സഹകരണത്തോടെ വിലങ്ങാട് ഒമ്പതാം വാർഡിൽ പച്ചക്കറി തൈ വിതരണം സംഘടിപ്പിച്ചു. കൃഷി അസിസ്റ്റന്റ് കുഞ്ഞുമോൻ കൃഷിരീതികളെക്കുറിച്ച് ക്ലാസ് നയിച്ചു.

ഭക്ഷ്യ സുരക്ഷാ ദിനാഘോഷം

ലോക ഭക്ഷ്യദിനത്തോടനുബന്ധിച്ച് കോടഞ്ചേരി, കായണ്ണ, പരിയാപുരം, തിരുവമ്പാടി, വിലങ്ങാട്, പുതുപ്പാടി എന്നീ ഗ്രാമ വികസന സമിതികളിൽ (GVS) ഭക്ഷ്യപ്രദർശനങ്ങളും പാചകമത്സരങ്ങളും സംഘടിപ്പിച്ചു.

പുതുപ്പാടിയിൽ പുതുപ്പാടി ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ പാചകമത്സരം സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം സിഒഡി പ്രോഗ്രാം കോർഡിനേറ്റർ കെ. സി. ജോയ് നിർവഹിച്ചു. ഏരിയ കോർഡിനേറ്റർ ഡെയ്സി ജോയ്, ഗ്രാമ വികസന സമിതി ഭാരവാഹികളായ സ്മിത അനീഷ്, ശാന്ത സുരേഷ്, റോയ് കുര്യൻ, മണി അടിവാരം എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

സേഫ്ഗാർഡിംഗ് പരിശീലനം

കെഎസ്എസ്എഫിന്റെ (KSSF) നേതൃത്വത്തിൽ ഇരിങ്ങാലക്കുടയിൽ സംഘടിപ്പിച്ച സാമ്പത്തിക കാര്യനിർവഹണം, നിയമപരമായ അനുസരണങ്ങൾ, സേഫ്ഗാർഡിംഗ് എന്നീ വിഷയങ്ങളിലുള്ള പരിശീലനത്തിൽ സിഒഡിയുടെ പ്രതിനിധികൾ പങ്കെടുത്തു.

നബാർഡ്-എൽഇഡിപി തയ്യൽ പരിശീലനം

നബാർഡിന്റെ പിന്തുണയോടെ നടപ്പിലാക്കുന്ന എൽഇഡിപി തയ്യൽ പരിശീലന പദ്ധതി താമരശ്ശേരിയിൽ പുരോഗമിക്കുന്നു. സിഒഡിയുടെ സ്വയം സഹായ സംഘങ്ങളിൽ നിന്നുള്ള 60 വനിതകൾക്കാണ് പദ്ധതിയുടെ ഭാഗമായി തയ്യൽ നൈപുണ്യ പരിശീലനം നൽകുന്നത്.

ജെ.എൽ.ജി ക്യാമ്പ്

കനറാബാങ്കിന്റെ പൂനൂർ, താമരശ്ശേരി, തിരുവമ്പാടി, കൂരാച്ചുണ്ട്, അടിവാരം തുടങ്ങിയ ശാഖകളുടെ സഹകരണത്തോടെ കൂടരഞ്ഞി, പുതുപ്പാടി, കല്ലാനോട്, മരുതോങ്കര, വെറ്റിലപ്പാറ, പുല്ലൂരാംപാറ, കൂരാച്ചുണ്ട് മേഖലകളിൽ പുതിയ ജെ.എൽ.ജി (Joint Liability Group) വായ്പ വിതരണവും വായ്പാ പുതുക്കൽ ക്യാമ്പുകളും നടന്നു. പ്രോഗ്രാം കോർഡിനേറ്റർ കെ.സി. ജോയിയും വിവിധ ഏരിയ കോർഡിനേറ്റർമാരും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

വയോജന ദിനാഘോഷം

കൂരാച്ചുണ്ട് ഏജ്ഡ് ഫാദേഴ്സ് ആൻഡ് മദേഴ്സ് അസോസിയേഷൻ (AFMA), കൂരാച്ചുണ്ട് ജവഹർ ലൈബ്രറിയുമായി സഹകരിച്ച് വയോജന ദിനം ആചരിച്ചു. പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ ഡാർലി ഏബ്രഹാം പരിപാടി ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ പ്രസിഡന്റ് ജോസഫ് ഇളംപ്ലാശ്ശേരി അധ്യക്ഷത വഹിച്ചു. സിഒഡി ഏരിയ കോർഡിനേറ്റർ മോളി സെബാസ്റ്റ്യൻ പനയ്ക്കവയലിൽ, ലൈബ്രറി പ്രസിഡന്റ് ജോസ് കാരക്കട, സെക്രട്ടറി ജോർജ് ചിരട്ടവയലിൽ, ലീലാമ്മ ജോസ് പുത്തേട്ടുപടവിൽ എന്നിവർ സംസാരിച്ചു.

ഔഷധത്തോട്ട ശുചീകരണം

ഗാന്ധിജയന്തിയോടനുബന്ധിച്ച് സിഒഡി താമരശ്ശേരിയും തിരുവമ്പാടി ഗ്രാമവികസന സമിതിയും (ജിവിഎസ്) സംയുക്തമായി ആനക്കാംപൊയിൽ സെന്റ് മേരീസ് യു.പി. സ്കൂളിലെ ഔഷധത്തോട്ടം ശുചീകരിച്ചു. ജിവിഎസ് അംഗങ്ങളും സ്കൂൾ അധികൃതരും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. തിരുവമ്പാടി ഏരിയ

കോർഡിനേറ്റർ റെനി സാബു, ജിവിഎസ് പ്രസിഡന്റ് മേരിക്കുട്ടി ദേവസ്യ ചക്കിട്ടമുറിയിൽ, സ്കൂൾ ഹെഡ്മിസ്ട്രസ് സി. അൽഫോൻസ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

ദർശന മഹിള സമാജം യോഗം

കൂരാച്ചുണ്ട് ദർശന വനിതാ സമാജത്തിന്റെ യോഗം സംഘടിപ്പിച്ചു. യോഗത്തിൽ വനിതകളുടെ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും സ്വയം സഹായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു.

സ്വയം സഹായ സംഘ രൂപീകരണബോധവത്കരണ ക്ലാസ്

മരഞ്ചാട്ടിയിൽ പുതിയ സ്വയം സഹായ സംഘം (SHG) രൂപീകരിക്കുന്നതിന്റെ ഭാഗമായി ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. കൂടരഞ്ഞി ഏരിയ കോർഡിനേറ്റർ ഷൈനി സിബി ക്ലാസിന് നേതൃത്വം നൽകി.

കാവൽ പ്രോഗ്രാം സ്റ്റാഫ് ട്രെയിനിങ്

കേരള വനിതാ ശിശു വികസന വകുപ്പ്, കേരള സ്റ്റേറ്റ് പ്രൊട്ടക്ഷൻ സൊസൈറ്റി (KSPS), യുണിസെഫ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 2026 ഒക്ടോബർ 5 മുതൽ 10 വരെ എറണാകുളം രാജഗിരി ബിസിനസ് സ്കൂളിൽ സംഘടിപ്പിച്ച കാവൽ സ്റ്റാഫ് പരിശീലനത്തിൽ സിഒഡി താമരശ്ശേരിയെ പ്രതിനിധീകരിച്ച് കാവൽ പ്രോഗ്രാം കോർഡിനേറ്റർ അമൽ പങ്കജാക്ഷനും കേസ് വർക്കർ രസ്ന പി.പിയും പങ്കെടുത്തു.

സേഫ് ടൈലറിങ് യൂണിറ്റ്

സിഒഡിയുടെ നേതൃത്വത്തിൽ താമരശ്ശേരി മാതാ ടവറിൽ പ്രവർത്തിക്കുന്ന സേഫ് ടൈലറിങ് യൂണിറ്റ് മികച്ച നിലവാരത്തിലുള്ള തയ്യൽ സേവനങ്ങൾ നൽകിവരുന്നു. ഓർഡറുകളും വ്യക്തിഗത തയ്യൽ ജോലികളും ഏറ്റെടുത്ത് സമയബന്ധിതമായി നിർവഹിക്കുന്നു. ആദ്യകുർബാന, മാമോദീസ, വിവാഹം തുടങ്ങിയ വിശേഷാവസരങ്ങൾക്കുള്ള വസ്ത്രങ്ങളും മിതമായ നിരക്കിൽ ചെയ്തു നൽകുന്നു. ഓർഡറുകൾക്കും കൂടുതൽ വിവരങ്ങൾക്കും: 9400750618, 9446955922.

ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (LDS)

വിവിധ സേനാവിഭാഗത്തിൽ ജോലിക്കായി പരിശീലനം

എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്ക് കേന്ദ്ര സംസ്ഥാന സായുധ സേനാ വിഭാഗങ്ങളായ ARMY, NAVY, AIRFORCE, NDA, AFCAT, CDS, PARAMILITARY, BSF, CRPF, CISF, ASSAM RIFLES, SSB, ITBP, DELHI POLICE, EXCISE, BEAT FOREST, FIRE FORCE തുടങ്ങിയ യൂണിഫോം വിഭാഗങ്ങളിൽ വേഗത്തിൽ ജോലി നേടാൻ പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിൽ വെച്ച് സെലക്ഷൻ ക്യാമ്പ് നടന്നു. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾക്ക് ആർമി പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിങ്ങ് ക്ലാസ്സുകൾ ആരംഭിച്ചു.

നേഴ്സിംഗ് പ്രവേശനം

കർണാടകയിലെ വിവിധ കോളേജുകളിൽ നഴ്സിംഗ് പഠനത്തിന് പ്രവേശനം ലഭിച്ച വിദ്യാർഥികൾക്കും അൽബേനിയയിൽ ബി.എസ്സി. നഴ്സിംഗ് പഠനത്തിന് പ്രവേശനം ലഭിച്ച വിദ്യാർഥികൾക്കും 7,000 വിലവരുന്ന സൗജന്യ ഹോസ്റ്റൽ, ക്ലിനിക്കൽ കിറ്റുകൾ ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങരയുടെ നേതൃത്വത്തിൽ വിതരണം ചെയ്തു. 2026-27 അധ്യയന വർഷത്തിൽ നഴ്സിംഗ് പ്രവേശനം ലഭിച്ച വിദ്യാർഥികളെ കോളേജുകളിൽ എത്തിക്കുകയും പ്രവേശന നടപടികൾ പൂർത്തിയാക്കുകയും ചെയ്തു.

കോളേജ് സന്ദർശനം

ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങരയുടെ നേതൃത്വത്തിൽ LDS അംഗങ്ങൾ മൈസൂർ, ബാംഗ്ലൂർ, ഹാസൻ, മംഗലാപുരം, ചിത്രദുർഗ്ഗ, ചാമരാജനഗർ തുടങ്ങിയ സ്ഥലങ്ങളിലെ കോളേജുകൾ സന്ദർശിച്ചു. കോളേജ് അധികൃതരുമായി ചർച്ചകൾ നടത്തി വിദ്യാർഥികളുടെ പഠനനിലവാരം വിലയിരുത്തി.

താമരശ്ശേരി അഗ്രിക്കൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

പരിശീലന പരിപാടികൾ

അംഗങ്ങളുടെ സാമ്പത്തിക അറിവും സംരംഭക ശേഷിയും വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. സഹകരണ മേഖലയിലെ പുതിയ സാധ്യതകളെക്കുറിച്ചും സാമ്പത്തിക ആസൂത്രണത്തെക്കുറിച്ചും അംഗങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകി. സ്വർണ്ണത്തിന്റെ പരിശുദ്ധി തിരിച്ചറിയുന്നതിനും, സ്വർണ്ണ വായ്പാ മേഖലയിലെ കൃത്യതയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിനുമായി ജീവനക്കാർക്ക് ട്രെയിനിംങ് നൽകി.

വാഹന ഇൻഷുറൻസ്, ചിട്ടി, ഭാഗ്യവർഷ പദ്ധതികൾ

അംഗങ്ങൾക്കും പൊതുജനങ്ങൾക്കും പ്രയോജനപ്രദമാകുന്ന രീതിയിൽ പുതിയ വാഹന ഇൻഷുറൻസ് പദ്ധതിക്ക് ഈ മാസം തുടക്കം കുറിച്ചു. അംഗങ്ങളുടെ സമ്പാദ്യവും സാമ്പത്തിക ആവശ്യങ്ങളും മുൻനിർത്തി പുതിയ ലേലച്ചിട്ടിക്ക് തുടക്കം കുറിച്ചു. നിലവിലുള്ള എല്ലാ ചിട്ടികളും കൃത്യമായും സുതാര്യമായും നടന്നുവരുന്നു.

ഓൺലൈൻ പ്ലാറ്റ്ഫോം സേവനങ്ങൾ

ഡിജിറ്റൽ സേവനങ്ങൾ കൂടുതൽ സുതാര്യവും വേഗത്തിലുമാക്കുന്നതിനായി ഓൺലൈൻ സംവിധാനങ്ങൾ നവീകരിച്ചു. അംഗങ്ങൾക്ക് പേയ്മെന്റ് ഗേറ്റ്വേ വഴിയുള്ള പണമിടപാടുകളുടെ നടപടിക്രമങ്ങൾ മെച്ചപ്പെടുത്തി.

അംഗസേവനവും സ്ഥാപന പ്രവർത്തനവും

അംഗങ്ങൾക്ക് തടസ്സമില്ലാത്ത ബാങ്കിംഗ് സേവനങ്ങൾ ഉറപ്പാക്കുന്നതിനായി, തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ വൈകുന്നേരം 5 വരെ TAFCOS സൊസൈറ്റി പ്രവർത്തിച്ചുവരുന്നു. അംഗങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം സിഒഡിയുമായി ബന്ധപ്പെട്ട് നൽകുന്നു.

Institute of Food and Agricultural Ethics (IFAE)

ബയോഡൈവേഴ്സിറ്റി അഗ്രികൾച്ചറൽ നഴ്സറി

ഉയർന്ന ഗുണനിലവാരമുള്ളതും വിശ്വാസ്യതയുള്ളതുമായ പച്ചക്കറി വിത്തുകൾ, തൈകൾ, അലങ്കാര ചെടികൾ, ചെടിച്ചട്ടികൾ, നാണ്യവിളകൾ, ഫലവൃക്ഷ തൈകൾ, ജൈവവളങ്ങൾ, ജൈവ കീട നിയന്ത്രണ ഉൽപ്പന്നങ്ങൾ തുടങ്ങി വിവിധ ഇനം ചെടികൾ ബിഷപ്പ് ഹൗസിന് സമീപം പ്രവർത്തിക്കുന്ന നഴ്സറിയിൽ ലഭ്യമാണ്.

പുതിയ പ്രവർത്തനങ്ങൾ

കാർഷിക ആവശ്യങ്ങൾക്കായി കൂടുതൽ ഗുണമേന്മയുള്ള നഴ്സറി ഉൽപ്പന്നങ്ങൾ ഒരുക്കിവിവിധ ഇനങ്ങളിലുള്ള പുതിയ തൈകളുടെ ഉൽപാദനം ആരംഭിച്ചു. റോസ്, ജെറാപറ, ചെണ്ടുമല്ലി, ചെമ്പരത്തി തുടങ്ങിയ പുതിയ പൂച്ചെടികൾ നഴ്സറിയിൽ എത്തിയിട്ടുണ്ട്; ഇപ്പോൾ വാങ്ങാൻ ലഭ്യമാണ്. അടുത്ത വർഷത്തേക്കുള്ള തെങ്ങിൻ തൈകൾ പാകി വിൽപ്പനയ്ക്കായി തയ്യാറാക്കി.

കിസാൻഭാരത് ഡിജിറ്റൽ കാർഷിക മാർക്കറ്റ്

കർഷകർക്കും ഉപഭോക്താക്കൾക്കും നേരിട്ട് ബന്ധപ്പെടുവുന്ന ഇട നിലക്കാരില്ലാത്ത സൗജന്യ ഓൺലൈൻ കാർഷിക പ്ലാറ്റ്ഫോമായ കിസാൻഭാരത് കൂടുതൽ കർഷകരെയും ഉപഭോക്താക്കളെയും ഉൾപ്പെടുത്തി പ്രവർത്തനം വിപുലീകരിച്ചു. www.kisanbharath.com.

കിസാൻ ലൈൻ കർഷകർക്കായി സൗജന്യ സഹായസേവനം

കാർഷിക സംശയങ്ങൾക്കും മാർഗനിർദേശങ്ങൾക്കും 24×7 സൗ ജന്യ സേവനം സജീവമായി തുടരുകയും നിരവധി കർഷകർക്ക് പ്രയോജനകരമാവുകയും ചെയ്തു. www.kisanline.com, Ph: 9946646205

ഫാ. തോമസ് പാറൻകുളങ്ങര
ഡയറക്ടർ, വികസനവേദി

സെന്റ് അൽഫോൻസ ടൂർസ്-പിൽഗ്രിമേജ്സ്

ബുക്കിംഗ് ആരംഭിച്ച തീർഥാടന യാത്രകൾ

(A) യൂറോപ്പ് തീർത്ഥാടനം 2027 ഏപ്രിൽ – മെയ്: മാർപാപ്പയെ നേരിൽ കാണാനുള്ള സുവർണാവസരം ഒരുക്കുന്ന യൂറോപ്പ് തീർഥാടനം 2026 ഒക്ടോബർ 5-ന് നടന്നു. അടുത്ത യാത്ര 2027 ഏപ്രിൽ, മെയ് മാസങ്ങളിലായി നടത്തപ്പെടുന്നു. വത്തിക്കാൻ ഉൾപ്പെടെ പ്രധാന തീർഥാടനകേന്ദ്രങ്ങൾ ഈ യാത്രയിൽ സന്ദർശിക്കുന്നുണ്ട്.

(B) വിശുദ്ധനാട് തീർഥാടനം 2026 നവംബർ 4, നവംബർ 6, 2027 ഏപ്രിൽ – മെയ്: യേശുക്രിസ്തു ജനിച്ചു ജീവിച്ച വിശുദ്ധ നാടുകളിലൂടെ നടത്തുന്ന ആത്മീയ തീർഥാടനം നവംബർ മാസത്തിൽ ക്രമീകരിച്ചിരിക്കുന്നു. അടുത്ത യാത്ര 2027 ഏപ്രിൽ, മെയ് മാസങ്ങളിൽ.

(C) ഗോവ യാത്ര 2026 ഒക്ടോബർ 16, ഒക്ടോബർ 23, നവംബർ 27, ജനുവരി 22: സെന്റ് ഫ്രാൻസിസ് സേവ്യറുടെ പൂജ്യ ശരീരം ദർശിക്കാൻ സാധിക്കുന്ന ഗോവ യാത്ര മുകളിൽ നൽകിയിരിക്കുന്ന ദിവസങ്ങളിലാണ്. ഒക്ടോബർ 23 ബാച്ചിൽ ഏതാനും സീറ്റുകൾ മാത്രം.

(D) മറ്റു യാത്രകൾ: തീർഥാടന യാത്രകൾക്ക് പുറമെ വിനോദസഞ്ചാര ആത്മീയ അനുഭവം സമന്വയിപ്പിക്കുന്ന യാത്രകളും സംഘടിപ്പിക്കുന്നു: ഡൽഹി, ആഗ്ര, അമൃത്സർ യാത്ര, ദുബായ് യാത്ര, സിംഗപ്പൂർ, മലേഷ്യ യാത്ര, വിയറ്റ്നാം യാത്ര.

ബുക്കിംഗ് നടപടിക്രമം

യാത്രയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെപ്പറയുന്ന വിവരങ്ങൾ അയച്ച് മുൻകൂർ ബുക്കിംഗ് നടത്താവുന്നതാണ്. യാത്രയുടെ പേര്, വ്യക്തിയുടെ പേര്, വീട്ടുപേര്, സ്ഥലം, വാട്സ്ആപ്പ് നമ്പർ മുതലായവ നിർദേശിച്ചിരിക്കുന്ന ഔദ്യോഗിക നമ്പറിലേക്ക് മുകളിൽ പറയുന്ന വിവരങ്ങൾ അയയ്ക്കുക – PH: 9447008376.

ഫാ. ജോർജ് മുണ്ടനാട്ട്
ഡയറക്ടർ, സെന്റ് അൽഫോൻസ ടൂർസ് & പിൽഗ്രിമേജ്സ്



യേശുനിധി

2026 സെപ്റ്റംബർ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

Education

1	Chakkittappara	15,000.00
2	Chakkittappara	15,000.00
3	Kannoth	12,000.00
4	Koodathai	15,000.00
5	Koorachundu	15,000.00
6	Manjakunnu	15,000.00
7	Maruthomkara	15,000.00
8	Thiruvambady	15,000.00

Home

9	Anackampoil	15,000.00
10	Chappanthottam	15,000.00
11	Mankave	15,000.00

Medical

12	Chundathumpoil	15,000.00
13	Chundathumpoil	12,000.00
14	Kannoth	12,000.00
15	Koorachundu	15,000.00
16	Kulathuvayal	15,000.00
17	Mankave	10,000.00
18	Muthukad	10,000.00
19	Muthukad	12,000.00
20	Padathukadave	15,000.00
21	Poilomchal	50,000.00
22	Poothampara	15,000.00
23	PT Chacko Nagar	10,000.00
24	Pulloorampara	100,000.00
25	Puthuppady	15,000.00
26	Thiruvambady	15,000.00
27	Thottumukkam	10,000.00
28	Thottumukkam	12,000.00

Marriage

29	Koodaranji	20,000.00
30	Koorachundu	20,000.00
31	Mariapuram	20,000.00

Miscellaneous

32	Thazhekode	15,000.00
	Total	**5,80,000.00**

ഫാ. ജോർജ് മുണ്ടനാട്ട്
ഫിനാൻസ് ഓഫീസർ



അജപാലനകുറിപ്പുകൾ

ഒക്ടോബർ

1–18 യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ അജപാലന ശുശ്രൂഷ ചെയ്യുകയും ഉപരിപഠനം നടത്തുകയും ചെയ്യുന്ന താമരശ്ശേരി രൂപത വൈദികരേയും വൈദികപരിശീലനത്തിലായിരിക്കുന്ന വൈദികാർത്ഥികളെയും സന്ദർശിച്ചു.

19–22 റോമിലെ മരിയ മാത്തർ എക്ലേസ്സിയ കോളേജിൽ നടന്ന കത്തോലിക്ക കോൺഗ്രസിന്റെ ആഗോള സമ്മേളനത്തിൽ മേജർ ആർച്ച് ബിഷപ്പിനോടും വിവിധ മെത്രാന്മാരോടും സമുദായ നേതാക്കളോടമൊപ്പം പങ്കെടുത്തു.

21 പരിശുദ്ധപിതാവ് മാർ ലെയോ പതിനാലാമൻ പാപ്പയുമായി റോമിൽ കൂടിക്കാഴ്ച നടത്തി.

24 രാവിലെ, മരഞ്ചാട്ടി ഇടവക ദൈവാലയത്തിൽ, ഒരു കുടുംബത്തിലെ ആറാമത്തെ കുഞ്ഞിനും മറ്റൊരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിനും പ്രാരംഭകൂദാശകൾ നൽകി വിശുദ്ധ കുർബാന അർപ്പിച്ചു.

മരഞ്ചാട്ടി ഇടവകയിലെ അൾത്താര ശുശ്രൂഷികളുടെ തിരുവസ്ത്രം വെഞ്ചരിച്ച് നൽകി.

പുല്ലൂരാംപാറ ബഥാനിയ നവീകരണ കേന്ദ്രത്തിലെ ആവേ മരിയ ഹാളിൽ അഖണ്ഡ ജപമാല സമർപ്പണ സമാപനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും, തുടർന്ന്, ദിവ്യകാരുണ്യം പ്രദക്ഷിണത്തിന് നേതൃത്വം നൽകുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, മലയാള മനോരമയുടെ നേതൃത്വത്തിൽ

തിരുവമ്പാടി പാരിഷ് ഹാളിൽ സംഘടിപ്പിച്ച മലബാർ കുടിയേറ്റ അനുസ്മരണ സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പ്രസ്തുത പരിപാടിയോട് ചേർന്ന് പാരിഷ് ഹാളിൽ തിരുവമ്പാടി അൽഫോൻസ കോളേജ് ഒരുക്കിയ കുടിയേറ്റ പ്രദർശനം ഉദ്ഘാടനം ചെയ്തു.

കല്ലുരുട്ടി ഇടവക പൂവത്തിരിച്ചാൽ അരുൺ - ഷാൽമി ദമ്പതികളുടെ ഭവനം സന്ദർശിക്കുകയും SMA ജനിതക രോഗബാധിതരായ അവരുടെ മൂന്നു കുട്ടികൾക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്തു. തുടർന്ന്, ഈ കുട്ടികളുടെ ചികിത്സാസഹായത്തിനായി രൂപീകരിച്ച ജനകീയ സമിതി അംഗങ്ങളുമായി കല്ലുരുട്ടി വൈദിക ഭവനത്തിൽ ചർച്ച നടത്തുകയും കല്ലുരുട്ടിയിൽ ജനകീയ സമിതി തുറന്ന ഓഫീസ് സന്ദർശിക്കുകയും ചെയ്തു.

വൈകുന്നേരം, അൽഫോൻസ മൈനർ സെമിനാരി ഹാളിൽ മിഷൻ ഞായറിനോട് അനുബന്ധിച്ച് മിഷൻ പ്രദേശങ്ങളെ സഹായിക്കാനുള്ള ധനശേഖരണത്തിനായി സംഘടിപ്പിച്ച ലേലം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

25 രാവിലെ, ചിപ്പിലിത്തോട് ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു വചന സന്ദേശം നൽകി.

വൈകുന്നേരം, താമരശ്ശേരി കത്തീഡ്രലിന് സമീപത്തായി നിർമ്മിക്കുന്ന കൈരളി യൂണിറ്റി ഷോപ്പിംഗ് കോംപ്ലക്സിന്റെ ഓഫീസ് ഉദ്ഘാടനം ചെയ്ത് വെഞ്ചരിച്ചു.

വൈകുന്നേരം, താമരശ്ശേരി കത്തീഡ്രൽ ഇടവകയിലെ സെന്റ് മേരീസ് ഉല്ലാസ് കോളനി കുടുംബ കൂട്ടായ്മയുടെ വാർഷിക യോഗത്തിൽ സംബന്ധിച്ചു.



26 വർഷം പൂർത്തിയാകുന്ന

ബഥാനിയ അഖണ്ഡ ജപമാല സമാപനം